പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി VII
# (SUBJECT COMMITTEE VII)

# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
# (ELECTRICITY, LABOUR AND LABOUR WELFARE)

## ആനുകാലിക റിപ്പോർട്ട്

(2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT FROM 1st APRIL, 2014 TO 31st MARCH, 2015)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2015 ജൂലൈ 22-ാം തീയതി സമർപ്പിച്ചത്

(Presented on 22nd July, 2015)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി VII
# (SUBJECT COMMITTEE VII)

# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
# (ELECTRICITY, LABOUR AND LABOUR WELFARE)

**ആനുകാലിക റിപ്പോർട്ട്**

(2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT FROM 1st APRIL, 2014 TO 31st MARCH, 2015)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

810/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : യോഗനടപടിക്കുറിപ്പുകൾ | .. | 23 |

# വിഷയനിർണ്ണയ സമിതി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

(2013-2016)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ആര്യാടൻ മുഹമ്മദ്,
ഊർജ്ജ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. ഷിബു ബേബി ജോൺ,
തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

| | |
|---|---|
| ശ്രീ. എ. കെ. ബാലൻ, | എം. എൽ. എ. |
| ശ്രീ. എം. ചന്ദ്രൻ, | " |
| ശ്രീ. പി. കെ. ഗുരുദാസൻ, | " |
| ശ്രീ. എം. ഹംസ, | " |
| ശ്രീ. പി. എ. മാധവൻ, | " |
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്, | " |
| ശ്രീ. എ. കെ. ശശീന്ദ്രൻ, | " |
| ശ്രീ. കെ. ശിവദാസൻ നായർ, | " |
| ശ്രീ. എം. എ. വാഹിദ്, | " |

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2013 ഡിസംബർ 27-ാം തീയതിയിലെ 463-ാം നമ്പർ ബുള്ളറ്റിൻ—ഭാഗം 2 പ്രകാരം രൂപീകരിച്ച 2013-16 കാലയളവിലേക്കുള്ള വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII, 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

സമിതി, റിപ്പോർട്ട് കാലയളവിൽ ആകെ 7 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 3-6-2014-ലെ യോഗം 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനായും, 9-7-2014-ലെ യോഗം 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(3) പ്രകാരമുള്ള സംക്ഷേപത്തിന്റെ കരട് എന്നിവ പരിഗണിക്കുന്നതിനായും ചേർന്നു. 26-8-2014-ൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 235(1)(iii) പ്രകാരം, യോഗം ചേരുകയും, 27-11-2014-ൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രദേശത്തെ സ്റ്റീൽ ഫാക്ടറികൾ സന്ദർശിക്കുകയും അവിടുത്തെ തൊഴിൽ സാഹചര്യം വിലയിരുത്തുകയും ചെയ്തു. 10-12-2014-ൽ 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബില്ലിന്റെ പരിഗണനയ്ക്കായും യോഗം ചേർന്നു.

സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർനില 63% ആയിരുന്നു.

ഈ റിപ്പോർട്ട് അഞ്ച് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളെ സംബന്ധിച്ച വിവരങ്ങളും രണ്ടാം ഭാഗത്തിൽ സമിതി പരിഗണിച്ച ബില്ലുകൾ, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കൾ എന്നിവയുടെ വിശദാംശങ്ങളും മൂന്നാം ഭാഗത്തിൽ ചട്ടം 235(1)(iii) അനുസരിച്ച് ചേർന്ന യോഗങ്ങളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. നാലാം ഭാഗത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ, ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വിവിധ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയുടെ വിവരങ്ങളും അഞ്ചാം ഭാഗത്തിൽ സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെയും സംക്ഷേപത്തിലെയും

ശിപാർശകളും ആയതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും ചേർത്തിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധം I ആയും ഉൾക്കൊള്ളിച്ചിരിക്കുന്നു.

2015 ജൂലൈ 20-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ആര്യാടൻ മുഹമ്മദ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി VII.*

തിരുവനന്തപുരം,
2015 ജൂലൈ 20.

# റിപ്പോർട്ട്

ഭാഗം 1

(എ) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2014 ജൂൺ 9-ാം തീയതി സഭയിൽ സമർപ്പിച്ചു.

(ബി) 2013 ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2014 ജൂലൈ 2-ാം തീയതി സഭയിൽ സമർപ്പിച്ചു.

(സി) 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2014 ജൂലൈ 15-ാം തീയതി സഭയിൽ സമർപ്പിച്ചു.

(ഡി) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(3) പ്രകാരമുള്ള സംക്ഷേപം 2014 ജൂലൈ 16-ാം തീയതി സഭയിൽ സമർപ്പിച്ചു.

(ഇ) 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 2014 ഡിസംബർ 12-ാം തീയതി സഭയിൽ സമർപ്പിച്ചു.

ഭാഗം 2

**(എ) ബില്ലുകളുടെ പരിശോധന**

2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ 10-12-2014-ന് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

**(ബി) കരട് ചട്ടങ്ങളുടെ പരിശോധന**

(i) 1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് സ്പെഷ്യൽ റൂൾസ്, കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് സ്പെഷ്യൽ റൂൾസ് എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടങ്ങൾ 26-8-2014-ൽ ചേർന്ന യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ii) 1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടങ്ങൾ 21-10-2014-ൽ ചേർന്ന യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

**(സി) എസ്.ആർ.ഒ.കളുടെ സാധൂകരണം**

(i) 1990-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി പദ്ധതി ഭേദഗതി ചെയ്തുകൊണ്ടുള്ള 30/2014 നമ്പർ എസ്.ആർ.ഒ. 3-6-2014-ൽ ചേർന്ന യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(ii) 2012-ലെ കേരള വിഹിതങ്ങളും എസ്റ്റേറ്റുകളും ഓർഡിനൻസ് ഭേദഗതി ചെയ്യുകൊണ്ടുള്ള 66/2013 നമ്പർ എസ്.ആർ.ഒ. 9-7-2014-ൽ ചേർന്ന യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(iii) 2000-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ഭേദഗതി ചെയ്യുകൊണ്ടുള്ള 163/2014 നമ്പർ എസ്.ആർ.ഒ. 9-7-2014-ലെ യോഗത്തിൽ പരിഗണിക്കുകയും പ്രസ്തുത ചട്ടങ്ങളുടെ ഘടനയിൽ ചെറിയ വ്യത്യാസമുണ്ടെങ്കിലും ഉള്ളടക്കത്തിൽ വ്യത്യാസമില്ലെന്ന് വകുപ്പ് സെക്രട്ടറി വ്യക്തമാക്കിയതിനെത്തുടർന്ന് പ്രസ്തുത എസ്.ആർ.ഒ. നിയമ വകുപ്പിലേക്ക് അയയ്ക്കുവാനും വകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള എസ്.ആർ.ഒ.യിൽ പരാമർശിച്ചിട്ടുള്ള തീയതി മുതൽ പ്രാബല്യം ലഭിക്കുംവിധം മുൻകാല പ്രാബല്യത്തോടെ പുനഃപ്രസിദ്ധീകരിക്കുവാനും നിർദ്ദേശിച്ചു.

(iv) 2014-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുകൊണ്ടുള്ള 374/2014 നമ്പർ എസ്.ആർ.ഒ. 26-8-2014-ൽ ചേർന്ന യോഗം സാധൂകരിച്ചു.

(v) 2014-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ജീവനക്കാരുടെ പെൻഷനും ഗ്രാറ്റുവിറ്റിയും ചട്ടങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള എസ്.ആർ.ഒ. നമ്പർ 432/2014, 2014-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ജീവനക്കാരുടെ പൊതു പ്രൊവിഡന്റ് ഫണ്ട് ചട്ടങ്ങൾ പുറപ്പെടുവിച്ചു കൊണ്ടുള്ള എസ്.ആർ.ഒ. നമ്പർ 433/2014 എന്നിവ 11-2-2015-ൽ ചേർന്ന യോഗം സാധൂകരിച്ചു.

## <u>ഭാഗം 3</u>

## ചട്ടം 235(1)(iii) പ്രകാരമുള്ള ചർച്ച

സമിതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം, സൗരോർജ്ജ പദ്ധതികൾ (പുതിയ പദ്ധതി) വാതകാധിഷ്ഠിത വൈദ്യുത പദ്ധതികൾ (പുതിയ പദ്ധതി), കാറ്റിനെ അടിസ്ഥാനമാക്കിയുള്ള വൈദ്യുത പദ്ധതികൾ, കൽക്കരി ആധാരമാക്കിയുള്ള വൈദ്യുത പദ്ധതികൾ, എനർജി മാനേജ്മെന്റ് സെന്റർ എന്നിവ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 26-8-2014-ൽ യോഗം ചേർന്നു.

ഭാഗം 4

1. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ.

(i) വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 26, 38, 39 ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് 9-12-2014-ന് സഭയിൽ സമർപ്പിച്ചു.

(ii) വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 4, 5, 43 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് 18-6-2014-നും ഖണ്ഡിക 36 മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് 9-12-2014-നും സഭയിൽ സമർപ്പിച്ചു.

(iii) വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 3 മുതൽ 14 വരെ, 20, 21, 23, 25, 27, 28, 32, 37, 39, 40, 45, 46 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് 9-12-2014-ന് സഭയിൽ സമർപ്പിച്ചു.

2. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

(i) 2010-11 സാമ്പത്തിക വർഷം ലഭ്യമായ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ഊർജ്ജ വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് 3-12-2014-ന് സഭയിൽ സമർപ്പിച്ചു.

(ii) 2011-12 സാമ്പത്തിക വർഷം ലഭ്യമായ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച തൊഴിലും നൈപുണ്യവും വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് 7-7-2014-ന് സഭയിൽ സമർപ്പിച്ചു.

(iii) 2012-13 സാമ്പത്തിക വർഷം ലഭ്യമായ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ഊർജ്ജ വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് 7-7-2014-ന് സഭയിൽ സമർപ്പിച്ചു.

(iv) 2013-14 സാമ്പത്തിക വർഷം ലഭ്യമായ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ഊർജ്ജ വകുപ്പിന്റെ കീഴിലുള്ള കെ.എസ്.ഇ.ബി., അനെർട്ട് എന്നീ സ്ഥാപനങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാക്രമം 3-12-2014, 16-12-2014 എന്നീ തീയതികളിൽ സഭയിൽ സമർപ്പിച്ചു

## ഭാഗം 5

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സമിതിയുടെ താഴെപ്പറയുന്ന വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റ് സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു:

### (എ) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-10)

#### ശിപാർശ

2230-01-103-51—സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി

ഈ ശീർഷകത്തിൽ 2008-09-ലേക്ക് 1 കോടി രൂപ വകയിരുത്തിയിരുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്ന ഈ പദ്ധതിക്ക് ഭരണാനുമതി ലഭിക്കാത്തതിനാൽ നടപടി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 2009-10-ലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈ പദ്ധതി തുടർന്ന് കൊണ്ടുപോകുന്നതിനായി 1 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

#### സർക്കാർ സ്വീകരിച്ച നടപടി

സാമൂഹ്യ സുരക്ഷയ്ക്കുള്ള സുപ്രധാന പരിപാടി എന്ന നിലയിൽ 2008-ലെ അൺഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ പദ്ധതിക്ക് 30-3-2010-ലെ

G.O.(Rt.)2637/10/Fin. പ്രകാരം റീ-അപ്രോപ്രിയേഷൻ മുഖേന 21,00,000 (ഇരുപത്തി ഒന്ന് ലക്ഷം) രൂപ പെൻഷൻ വിതരണത്തിനായി അനുവദിച്ചു.

ശിപാർശ

2230-03-800-92—പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കായി മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള കോച്ചിംഗ് ക്ലാസുകൾ എറണാകുളത്തും കോഴിക്കോട്ടും പ്രവർത്തിക്കുന്ന കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകളിലൂടെ നടത്തുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.28 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്നും കാസർഗോഡ് ജില്ലയിൽ കൂടി ഒരു കോച്ചിംഗ്-കം-ഗൈഡൻസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തിക വർഷത്തെ വിഭവ പരിമിതി കണക്കിലെടുത്ത് അധികതുക അനുവദിക്കണമെന്ന ആവശ്യവും പുതിയ സെന്റർ ആരംഭിക്കണമെന്ന ആവശ്യവും അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ഖണ്ഡിക 54-ലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് 21-10-2014-ലെ യോഗത്തിൽ പരിഗണിക്കുകയും പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലന ക്ലാസുകൾ നടത്തുന്നതിനായി കാസർഗോഡ് ജില്ലയിൽ ഒരു കോച്ചിംഗ്-കം-ഗൈഡൻസ് സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശയിന്മേൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് ധാരാളം ഫണ്ടുകൾ ഉള്ളതിനാൽ വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## (ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)

ശിപാർശ

2230-01-103-62—പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി

ഈ ശീർഷകത്തിൽ അനുവദിക്കുന്ന തുക ഇടുക്കി ഉൾപ്പെടെ തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ തോട്ടം തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനും പഠനോപകരണങ്ങൾ വാങ്ങുന്നതിനും ഉന്നത വിദ്യാഭ്യാസ

ആരോഗ്യം എന്നീ കാര്യങ്ങൾക്കുംവേണ്ടി ചെലവഴിക്കാനുള്ളതാണ്. ഒരു സാമൂഹ്യസുരക്ഷാ ക്ഷേമപദ്ധതിയായ ഇതിലേക്ക് വർഷംതോറും മേൽ നടപടിക്കായി 5 കോടിയിലധികം രൂപ ആവശ്യമായി വരും. ഫണ്ടിന്റെ അഭാവം ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. 2010-11-ലെ ചെലവുകൾക്കായി നീക്കിവയ്ക്കേണ്ടുന്ന 4,77,00,000 രൂപ ഇനിയും ലഭ്യമാക്കേണ്ടതുണ്ട്. 2011-12-ൽ ചെയ്യേണ്ടുന്ന പ്രോഗ്രാം കൂടി ചേരുമ്പോൾ ഈ ഇനത്തിൽ ബാദ്ധ്യത 9,00,00,000 രൂപയോളമായി ഉയരും. ഈ ശീർഷകത്തിൽ ടോക്കണായി ഉൾക്കൊള്ളിച്ചിട്ടുള്ള 1,000 രൂപ അപര്യാപ്തമായതിനാൽ 9 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2230-01-103-62 ശീർഷകം സംസ്ഥാനത്തെ പ്ലാന്റേഷൻ തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന ഒരു സാമൂഹ്യ സുരക്ഷാ ക്ഷേമപദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ളതാണ്. ഓരോ സാമ്പത്തിക വർഷവും നാല് കോടിയിലധികം രൂപ ഈ ഇനത്തിൽ ചെലവഴിച്ച് വരുന്നു. 31-10-2011-ന് പുറപ്പെടുവിച്ചിട്ടുള്ള 170/11/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2010-11-ലേക്ക് 4.78 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നെങ്കിലും തുക ബഡ്ജറ്റിൽ വകകൊള്ളിക്കാത്തത് കാരണം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 4-7-2012 തീയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 102/2012/തൊഴിൽ നമ്പർ പ്രകാരം അഡീഷണൽ ആതറൈസേഷൻ വഴി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടുകൂടി 3 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

<u>ശിപാർശ</u>

2230-02-101-90—<u>സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശക്തിപ്പെടുത്തൽ</u>

സംസ്ഥാനത്തെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളിൽ തെരഞ്ഞെടുത്ത 6 യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 2010-2011-ൽ വകയിരുത്തിയിരുന്ന 10 ലക്ഷം രൂപ വിനിയോഗിക്കുകയുണ്ടായി. ബാക്കിയുള്ള 15 യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിലേക്ക് 2011-2012-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 3.05 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിട്ടില്ല

ശിപാർശ

2230-02-101-89—പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും, നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ കോച്ചിംഗ് ഗൈഡൻസ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനായി 27,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല

## (സി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-13)

ശിപാർശ

2230-01-101-99—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്

ഈ ശീർഷകത്തിൽ 04(1)—ഇനത്തിൽ യാത്രാപ്പടിക്കായി വകകൊള്ളിച്ചിരിക്കുന്ന തുക കുറവാണ്. ബോർഡ് രൂപീകൃതമായി പ്രവർത്തനം നടക്കുമ്പോൾ നിലവിലെ യാത്രാപ്പടി നിയമവും മന്തിലീ സീലിംഗും കണക്കാക്കുമ്പോൾ പ്രസ്തുത തുക കുറവായി വരുന്ന സാഹചര്യത്തിൽ 04(1)—യാത്രാബത്ത എന്ന ഇനത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷം 2230-01-101-99-04-1-TA ശീർഷകത്തിൽ പതിനെട്ട് ലക്ഷം രൂപ (18,00,000) ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നു. വിവിധ മേഖലകളിലെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റികളെ ചുമതലപ്പെടുത്തുന്നതും വർദ്ധിപ്പിച്ച യാത്രാപ്പടി നിരക്ക് പരിഗണിച്ചും ടി ശീർഷകത്തിൽ 10 ലക്ഷം രൂപ അധികം അനുവദിക്കാൻ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. എന്നാൽ

കാലാവധി കഴിഞ്ഞ മിനിമം വേതന ഉപദേശക സമിതി 8-6-2012-ലെ ജി.ഒ. (പി) നമ്പർ 83/2012/തൊഴിൽ പ്രകാരം പുനഃസംഘടിപ്പിച്ചുവെങ്കിലും അർദ്ധവർഷം പിന്നിട്ട ശേഷമാണ് പ്രവർത്തനം ആരംഭിച്ചത്. 2012-13-ൽ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള സമിതികളൊന്നും പുതുതായി രൂപീകരിച്ചിട്ടില്ല ബഡ്ജറ്റ് വിഹിതത്തിൽ നിന്നും രണ്ടു ലക്ഷത്തി എൺപത്തി ഏഴായിരം രൂപ (2,87,000) മാത്രമേ വിനിയോഗിച്ചുള്ളൂ. ശീർഷകത്തിൽ ശേഷിച്ച പതിനഞ്ച് ലക്ഷത്തി പതിമൂന്നായിരം രൂപ (15,13,000) 31-3-2013-ലെ എഫ് (4) 9000/12 പ്രകാരം സറണ്ടർ ചെയ്തു. ആയതിനാൽ കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം അധിക തുക ആവശ്യമായി വന്നില്ല എന്ന വിവരം അറിയിക്കുന്നു.

<u>ശിപാർശ</u>

2230-01-101-98—<u>കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക കമ്മിറ്റി</u>

ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിക്കുന്ന ഒൻപത് വ്യവസായബന്ധ സമിതികളുടെയും ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡ്, പ്ലാന്റേഷൻ ലേബർ കമ്മിറ്റി എന്നിവയുടേയും ധാരാളം സിറ്റിംഗുകൾ കൂടേണ്ടി വരുമെന്നതിനാൽ 04(1)—യാത്രാപ്പടി ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 4 ലക്ഷം രൂപ കൂടി അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2012-13 സാമ്പത്തിക വർഷത്തിൽ വ്യവസായബന്ധ സമിതി അംഗങ്ങളുടെ യാത്രാപ്പടി ഇനത്തിൽ ആറുലക്ഷം രൂപ (6,00,000) വകകൊള്ളിച്ചിരുന്നു. ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ഒമ്പത് വ്യവസായബന്ധ സമിതികൾ, വ്യവസായബന്ധ ബോർഡ്, പ്ലാന്റേഷൻ ലേബർ കമ്മിറ്റി എന്നിവയിലായി 150-ൽ അധികം അനൗദ്യോഗിക അംഗങ്ങൾക്ക് യാത്രാപ്പടി നൽകുന്നതിന് 4,00,000 രൂപ അധികമായി അനുവദിച്ച നൽകുന്നതിന് കമ്മിറ്റി ശിപാർശ ചെയ്തിരുന്നുവെങ്കിലും അധിക തുക ലഭ്യമായില്ല. 2012-13-ലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചു ഈ ശീർഷകത്തിൽ 2013-14 വർഷത്തിൽ ആറുലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ (6,72,000) ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-62-10—<u>പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി—സംഭാവന</u>

പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ 2010-11 വർഷത്തെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി സർക്കാർ ഉത്തരവ് (എം.എസ്.) 170/2011/തൊഴിൽ തീയതി 31-10-2011 പ്രകാരം 4 കോടി 78 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

എന്നാൽ 2011-12-ലെ ബഡ്ജറ്റിൽ 2230-01-103-62-10 ശീർഷകത്തിൽ 1,000 രൂപ മാത്രം വകയിരുത്തിയിരുന്നതിനാൽ നാളിതുവരെ ഉത്തരവ് പ്രകാരമുള്ള തുക മാറി നൽകുവാൻ കഴിഞ്ഞിട്ടില്ല. 2011-12-ലെ എസ്.ഡി.ജി.-കളിലും ഈ തുക ഉൾക്കൊള്ളിക്കുവാൻ ശിപാർശ നൽകിയെങ്കിലും പരിഗണിച്ചില്ല. 2011-12 വർഷത്തേക്ക് 6 കോടി രൂപയുടെ പ്രൊപ്പോസലും സർക്കാരിലേക്ക് അയച്ചിട്ടുണ്ട്. 2012-13 വർഷത്തേക്കും 6 കോടി രൂപ ഈയിനത്തിൽ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. 2012-13-ൽ ഈ ഇനത്തിൽ 1,000 രൂപ മാത്രമേ വകകൊള്ളിച്ചിട്ടുള്ളൂ. ആയതിനാൽ 16,78,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി

31-10-2011-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 170/2011/തൊഴിൽ പ്രകാരം പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ 2010-11 വർഷത്തെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 4.78 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 12-6-2012-ലെ G.O.(Rt.) 5803/12/ധന. നമ്പർ ഉത്തരവ് പ്രകാരം 3 കോടി രൂപ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ച് നൽകിയിട്ടുണ്ട്.

4 കോടി 78 ലക്ഷം രൂപ, 31-10-2011-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 170/2011/തൊഴിൽ പ്രകാരം ഭരണാനുമതി നൽകി എങ്കിലും തുക അനുവദിച്ചിരുന്നില്ല. ധനവകുപ്പിന്റെ അംഗീകാരത്തോടെ, 4-7-2012-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 102/2012/തൊഴിൽ പ്രകാരം 3 കോടി രൂപയും 14-6-2013-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 76/2013/തൊഴിൽ പ്രകാരം 1 കോടി 78 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

ശിപാർശ

2230-01-103-32—കേരളത്തിലെ വിലവിവര സൂചിക നിർണ്ണയം

10—സംഭാവന

2010 അടിസ്ഥാന വർഷമാക്കി സംസ്ഥാനത്തെ തൊഴിലാളികളുടെ വിലവിവര സൂചിക നിർണ്ണയിക്കുന്നതിന് 41,63,800 രൂപ ചെലവ് നിശ്ചയിച്ച് സംസ്ഥാന സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനെ ചുമതലപ്പെടുത്തി വിവരശേഖരണം നടത്തിവരികയാണ്. പ്രസ്തുത ശീർഷകത്തിൽ നാളിതുവരെ 42,00,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുള്ള ശമ്പള പരിഷ്കരണവും ദിവസവേതന തൊഴിലാളികളുടെ വേതന വർദ്ധനവും കമ്മിറ്റി അംഗങ്ങളുടെ യാത്രാപ്പടി ക്ലാസ് I ആഫീസറിന് തുല്യമാക്കുകയും ചെയ്ത സാഹചര്യത്തിൽ അടങ്കൽ തുക 65,01,000 രൂപയായി ഉയർത്തിയിട്ടുണ്ട്. ആയതിനാൽ ബഡ്ജറ്റ് വിഹിതം കഴിച്ച് ബാക്കി തുകയായ 23,01,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2010 അടിസ്ഥാനമാക്കി സംസ്ഥാനത്തെ വിലവിവര സൂചിക നിർണ്ണയിക്കുന്നതിന് 41,63,000 (നാൽപത്തി ഒന്ന് ലക്ഷത്തി അറുപത്തിമൂവായിരം രൂപ മാത്രം) രൂപ ചെലവ് നിശ്ചയിച്ച് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു സംസ്ഥാന സർക്കാരിന്റെ ശമ്പള പരിഷ്കരണത്തെ തുടർന്ന് ശമ്പളം, വേതനം, യാത്രാപ്പടി എന്നിവയിലുണ്ടായ വർദ്ധനവ് പരിഗണിച്ച് അടങ്കൽ തുക അറുപത്തിയഞ്ച് ലക്ഷത്തി ആയിരം രൂപ (65,01,000) രൂപയായി വർദ്ധിപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇരുപത്തി മൂന്ന് ലക്ഷത്തി ആയിരം രൂപ (23,01,000) രൂപ അധികമായി അനുവദിച്ചു നൽകാൻ കമ്മിറ്റി ശിപാർശ ചെയ്യുകയും ഇരുപത്തി ഏഴ് ലക്ഷത്തി അൻപതിനായിരം രൂപ (27,50,000) ഈ ഇനത്തിൽ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

## (ഡി) <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013-14)</u>

1, 2, 15, 17, 18, 30, 31, 33, 34, 36, 41, 42, 43, 44, 48, 49 മുതൽ 60 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് 2013-14 മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-101-98—<u>കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക കമ്മിറ്റി</u>

സംസ്ഥാനത്തെ പരമ്പരാഗത മേഖലയിലും അല്ലാതെയും പ്രവർത്തിക്കുന്ന തൊഴിലാളികളുടെ കൂലി, ബോണസ്, സേവന വേതന വ്യവസ്ഥകൾ തുടങ്ങിയവ തീരുമാനിക്കുന്ന ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിക്കുന്ന വ്യവസായബന്ധ സമിതികളിലെ അംഗങ്ങളുടെയും മിനിമം വേജസ് കമ്മിറ്റി അംഗങ്ങളുടെയും യാത്രാച്ചെലവുകൾക്കും ഓഫീസ് ചെലവുകൾക്കും വേണ്ടി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.28 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തിക വർഷത്തിൽ 2230-01-101-98-04-1 Tour TA എന്ന ശീർഷകത്തിൽ 6,72,000 രൂപ അനുവദിച്ചിരുന്നു. ഈ തുകയിൽ 6,68,000 രൂപ വിനിയോഗിക്കുകയും 4,000 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു. 2014-15 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 12,00,000 രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക നടപ്പുസാമ്പത്തിക വർഷത്തെ ചെലവുകൾക്ക് മതിയാകുന്നതാണ്.

പ്രസ്തുത മറുപടി സമിതിയുടെ 21-10-2014-ലെ യോഗത്തിൽ പരിഗണിക്കുകയും മിനിമം വേജസ് കമ്മിറ്റിയുടെ സബ്‌കമ്മിറ്റികളുടെ പ്രവർത്തനത്തിന് അനുവദിച്ച തുക പര്യാപ്തമാണോയെന്ന് സമിതി ആരായുകയും, സബ്‌കമ്മിറ്റികൾക്ക് പലപ്പോഴും യോഗം ചേരാൻ സാധിക്കുന്നില്ലെന്ന വകുപ്പിന്റെ അഭിപ്രായം പരിശോധിക്കണമെന്നും നിർദ്ദേശിക്കുകയും ചെയ്തു.

ശിപാർശ

2230-01-101-97—സ്റ്റേറ്റ് അഡ്വൈസറി കോൺട്രാക്ട് ലേബർ ബോർഡ്

സ്റ്റേറ്റ് അഡ്വൈസറി കോൺട്രാക്ട് ലേബർ ബോർഡ് സെക്രട്ടറിയുടെയും മെമ്പർമാരുടെയും ജീവനക്കാരുടെയും ശമ്പളം, യാത്രാപ്പടി, ഓഫീസ് ചെലവ് എന്നിവയ്ക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ഓഫീസ് ചെലവ് ഇനത്തിൽ വക കൊള്ളിച്ചിട്ടുള്ള തുക കുറവായതിനാൽ 05—ഓഫീസ് ചെലവുകൾ എന്നയിനത്തിൽ 22,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതം വിനിയോഗിച്ചശേഷം അധിക തുക ആവശ്യമെങ്കിൽ ഉചിതമായ ധനപുനർവിനിയോഗ നിർദ്ദേശം സമർപ്പിക്കുവാൻ ബോർഡിനോട് ആവശ്യപ്പെട്ടു എങ്കിലും തുടർ നടപടികൾ ബോർഡ് സ്വീകരിച്ചിട്ടില്ല.

ശിപാർശ

2230-01-101-96—വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ

05-(4)—മറ്റിനങ്ങൾ

ആലപ്പുഴ വ്യാവസായിക ട്രിബ്യൂണൽ ഓഫീസിൽ ഫോട്ടോകോപ്പി മെഷീനും ഫർണിച്ചറും വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

ഫോട്ടോകോപ്പി മെഷീനും ഫർണിച്ചറും വാങ്ങുന്നതിന് 1,61,000 രൂപയുടെ ഭരണാനുമതി നൽകുകയും 61,000 രൂപ അധികമായി അനുവദിക്കുകയും ചെയ്തിരുന്നുവെങ്കിലും ലഭ്യമായ ക്വട്ടേഷനുകളിൽ വന്ന പിശകുകൾ കാരണം വാങ്ങാൻ കഴിഞ്ഞിരുന്നില്ല.

പ്രസ്തുത മറുപടി 21-10-2014-ലെ യോഗത്തിൽ പരിഗണിച്ച വേളയിൽ ആലപ്പുഴ വ്യാവസായിക ട്രിബ്യൂണലിന് 2230-01-101-96 എന്ന ശീർഷകത്തിൽ 1,61,000 രൂപയുടെ ഭരണാനുമതി ലഭിക്കുകയും, 61,000 രൂപ അധികമായി അനുവദിക്കുകയും ചെയ്തിട്ടും ക്വട്ടേഷനിൽ വന്ന പിശകുകൾ കാരണം തുക വാങ്ങാൻ കഴിഞ്ഞില്ലെന്ന മറുപടിയുടെ കാരണം സർക്കാർ തലത്തിൽ പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

<u>ശിപാർശ</u>

2230-01-101-95—<u>വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്</u>

06—<u>വാടക, കരം, നികുതി</u>

വ്യാവസായിക ട്രിബ്യൂണലിന്റെ വാടക, കരം, നികുതി ഇനത്തിൽ 24-2-2012 മുതലുള്ള കുടിശ്ശിക നൽകേണ്ടതിനാൽ ടി ശീർഷകത്തിൽ 1.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>ശിപാർശ</u>

2230-01-101-94—<u>വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം</u>

99—<u>വിവരസാങ്കേതികവിദ്യ</u>

ഈ ശീർഷകത്തിൽ അനുവദിച്ച തുക ഓഫീസ് നടപടികൾ കമ്പ്യൂട്ടർവത്കരിക്കുന്നതിന് അപര്യാപ്തമായതിനാൽ 1.25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സർക്കാർ സ്വീകരിച്ച നടപടി ഖണ്ഡിക 6 &7</u>

വിഭവ പരിമിതിമൂലം അധികതുക അനുവദിക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

2230-01-101-93—<u>തൊഴിൽ കോടതി, കൊല്ലം</u>

99—<u>വിവരസാങ്കേതികവിദ്യ</u>

കൊല്ലം തൊഴിൽ കോടതിയിൽ സ്ഥാപിച്ചിട്ടുള്ള 3 കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസിന് ടി തുക അപര്യാപ്തമായതിനാൽ 49,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

14,000 രൂപ അനുവദിച്ചിരുന്നു. ടി തുക വിനിയോഗിച്ചുകൊണ്ട് കെൽട്രോണുമായി കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ശിപാർശ

2230-01-101-92—തൊഴിൽ കോടതി, കോഴിക്കോട്

കോഴിക്കോട് തൊഴിൽ കോടതിക്ക് വൈദ്യുത ചെലവുകൾ, മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.33 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

വൈദ്യുതി ചെലവിനത്തിൽ 16,000 രൂപയും മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 52,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ വാടക, കരം, നികുതി ഇനത്തിൽ 1,10,000 രൂപയും മറ്റിനങ്ങൾക്കായി 50,000 രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-01-101-91—തൊഴിൽ കോടതി, എറണാകുളം

എറണാകുളം തൊഴിൽ കോടതിക്ക് ടെലിഫോൺ, സംരക്ഷണവും അറ്റകുറ്റപ്പണികളും തുടങ്ങിയവയ്ക്കായി 35,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

വിഭവ പരിമിതിമൂലം അധിക തുക അനുവദിച്ചിരുന്നില്ല. എന്നാൽ ധനപുനർവിനിയോഗം വഴി ടെലിഫോൺ ചാർജ്ജിനത്തിൽ 15,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-01-101-89—തൊഴിൽ കോടതി, കണ്ണൂർ

21(2)—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

കണ്ണൂർ തൊഴിൽ കോടതിക്ക് കാർ റിപ്പയർ ചെയ്യുന്നതിലേക്കായി 18,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

വിഭവ പരിമിതിമൂലം അധിക തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2230-01-101-86—വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

ഇടുക്കി വ്യാവസായിക ട്രിബ്യൂണലിന് യാത്രാബത്ത, വൈദ്യുത ചെലവുകൾ, ടെലിഫോൺ ചെലവ്, വാടക, കരം, നികുതി, സംരക്ഷണവും അറ്റകുറ്റപ്പണികൾ തുടങ്ങിയവയ്ക്കായും പുതിയ വാഹനം വാങ്ങുന്നതിലേക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 16.53 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

മോട്ടോർ വാഹനങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിലേക്കായി 70,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-01-102-99—വ്യവസായശാലാ ഡയറക്ടറാഫീസ്

21(1)—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

വ്യവസായശാലാ ഡയറക്ടറാഫീസിന് വാങ്ങുവാൻ അനുമതി ലഭിച്ച 2 വാഹനങ്ങൾ വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 19.99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക ഞെരുക്കവും വിഭവ സമാഹരണ നിയന്ത്രണവുംമൂലം വാഹനം വാങ്ങുന്നതിനായി അധിക തുക അനുവദിക്കണമെന്ന ശിപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ല.

ശിപാർശ

2230-01-102-95—ജോലി സുരക്ഷിതത്വവും ആരോഗ്യ പ്രവർത്തനവും

04—യാത്രാചെലവുകൾ

ജീവനക്കാരുടെ യാത്രാപ്പടി, കുടിശ്ശിക ഉൾപ്പെടെയുള്ള ചെലവുകൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1,64,000 രൂപ ഈ ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തിക വർഷം 70,000 രൂപ 2230-01-102-95-04(1) എന്ന കണക്ക് ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-88—<u>കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം</u>

മറ്റ് ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധിയിലേക്കുള്ള അംശദാനം വകയിരുത്തുന്ന ഈ ശീർഷകത്തിൽ 112.46 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തിക വർഷത്തെ അവസാനത്തെ S.D.G. കഴിഞ്ഞതിനാൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല. കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിക്ക് 2013-14 വർഷത്തെ ബഡ്ജറ്റ് വിഹിതമായ 16,38,000 രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി.

<u>ശിപാർശ</u>

2230-01-103-87—<u>പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം</u>

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ഉത്സവബത്തയായി 2012-2013-ൽ 600 രൂപ വീതമാണ് നൽകിയിരുന്നത്. ഈ തുക തികച്ചും തുച്ഛമായതിനാൽ ഉത്സവബത്ത 600 രൂപയിൽ നിന്നും 1,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് 2013-14-ൽ ഉത്സവബത്തയായി 1,000 രൂപ വീതം വിതരണം ചെയ്യാനായി 10-9-2013-ലെ സ.ഉ.(സാധാ.) നമ്പർ 1606/2013/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം 2230-01-103-87 (NP) എന്ന ശീർഷകത്തിൽ 40,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-01-103-79—കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്

കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2013-14 സാമ്പത്തിക വർഷം വരെ 19.85 കോടി രൂപ ഗ്രാന്റായി ലഭിക്കുവാനുള്ളതിനാൽ 2013-14 വർഷം വകയിരുത്തിയിട്ടുള്ള 22 ലക്ഷം രൂപയ്ക്കുപുറമെ 1963 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

അവസാനത്തെ S.D.G. കഴിഞ്ഞതിനാൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2013-14-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 22,00,000 രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി.

ശിപാർശ

2230-01-103-72—കേരള കർഷക തൊഴിലാളി ക്ഷേമബോർഡ്—അംശദാനം

കേരള കർഷക തൊഴിലാളി ക്ഷേമബോർഡിലെ അംഗങ്ങൾക്ക് ക്ഷേമാനുകൂല്യ വിതരണത്തിന് 129 കോടിയിലധികം രൂപ ആവശ്യമായ സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 12828 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയിന്മേൽ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി ഫയൽ 4-10-2013-ന് ധനകാര്യ വകുപ്പിന്റെ അനുമതിക്കായി അയച്ചപ്പോൾ ടി വകുപ്പ് 24-10-2013, 3-3-2014 എന്നീ തീയതികളിൽ അധിക വിവരങ്ങൾ ആരായുകയും ആയത് ലഭ്യമാക്കി ഫയൽ വീണ്ടും അഭിപ്രായത്തിനായി അയച്ചപ്പോൾ 17-6-2014-ന് വീണ്ടും അധിക വിവരങ്ങൾ ആരാഞ്ഞ് ഫയൽ തിരികെ നൽകുകയുമുണ്ടായി. ഇതിനിടെ 2013-14 സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത തുക അനുവദിക്കുന്നത് പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണെന്ന വിവരം സമിതിയെ അറിയിക്കുന്നു.

ശിപാർശ

2230-01-103-62—പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി

ഇടുക്കി ഉൾപ്പെടെ തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ അടഞ്ഞുകിടക്കുന്ന തോട്ടം തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം (ഉന്നത വിദ്യാഭ്യാസം ഉൾപ്പെടെ), ആരോഗ്യം എന്നീ കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാനുള്ള സംഖ്യ വകകൊള്ളിച്ചിട്ടുള്ളതാണ് ഈ ശീർഷകം. വർഷം തോറും 5 കോടിയിലധികം രൂപ ആവശ്യമായി വരുന്ന ഒരു സാമൂഹ്യ സുരക്ഷാക്ഷേമ പദ്ധതിയായ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ 4 കോടി 78 ലക്ഷം രൂപയുടെ പ്രൊപ്പോസലിൽ 12-6-2012-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 5803/12/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം 3 കോടി രൂപ അഡീഷണൽ ആതറൈസേഷനിലൂടെ അനുവദിക്കുകയുണ്ടായി. ബാക്കിയുള്ള 1 കോടി 78 ലക്ഷം രൂപ (ഒരു കോടി രൂപ 2013-14-ലെ ബഡ്ജറ്റിൽ അനുവദിച്ചതും 78 ലക്ഷം രൂപ 10-5-2013-ലെ സർക്കാർ ഉത്തരവ് (സാധാ.) 4124/13/ഫിൻ. പ്രകാരം അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചതും) 14-6-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 76/13/തൊഴിൽ നമ്പർ സർക്കാർ ഉത്തരവിലൂടെ മാറി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്ക് നൽകാൻ ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകിയത് പ്രകാരം, ലേബർ കമ്മീഷണർ, 19-10-2013-ലെ ഐ (5)7971/2011 നമ്പർ നടപടി ക്രമം മുഖേന മാറി വിവിധ ജില്ലകളിലെ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റികൾക്ക് നൽകിയിട്ടുണ്ട്.

ശിപാർശ

2230-01-103-61—കേരള ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമ പദ്ധതി

2012-13-ലെ പെൻഷൻ കടിശ്ശികയും 2013-14-ലേക്കുള്ള പെൻഷനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 31.11 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

കേരള ബാർബർ ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമ പദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായ 17 ലക്ഷം രൂപയ്ക്ക് പുറമെ അഡീഷണൽ ഓതറൈസേഷൻ മുഖേന 28,86,000 (15,00,000 + 13,86,000) രൂപ അധികമായി അനുവദിച്ചു.

ശിപാർശ

2230-01-103-50—കേരള അലക്ക് തൊഴിലാളി ക്ഷേമനിധി പദ്ധതി

കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി വ്യവസ്ഥ പ്രകാരം സർക്കാർ കോൺട്രിബ്യൂഷനായി 2008-09 മുതൽ 2013-14 വരെയുള്ള കുടിശ്ശികയും കൂടാതെ പെൻഷൻ നൽകുന്നത് ഗവൺമെന്റിൽ നിന്നുമാകയാൽ ആയിനത്തിൽ 2013-14-ലേക്കുള്ള വിഹിതവും അനുവദിക്കേണ്ടതിനാൽ 43.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായ 13,00,000 ലക്ഷം രൂപ കൂടാതെ അഡീഷണൽ ഓതറൈസേഷൻ മുഖേന 7,25,000 രൂപ അധികമായി അനുവദിച്ചു.

ശിപാർശ

2230-02-001-99—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

പദ്ധതിയിതരയിനത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, അവധി യാത്രാനുകൂല്യം, വാഹനം വാങ്ങൽ, വിവരസാങ്കേതിക വിദ്യ, മറ്റു ചെലവുകൾ എന്നീ ഇനങ്ങളിലായി ആകെ 129.73 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ പ്രകാരം തുക അനുവദിച്ചിരുന്നില്ല എങ്കിലും സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് SDG വഴി 1,000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിക്കുകയുണ്ടായി. കൂടാതെ 2-ാമത്തെ ബാച്ച് SDG വഴി 06-RRT എന്ന ശീർഷകത്തിൽ 19,27,000 രൂപയും 97—Implementation of official Language എന്ന ശീർഷകത്തിൽ 40,000 രൂപയും അനുവദിച്ചു.

ശിപാർശ

2230-02-101-89—പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

34—മറ്റു ചെലവുകൾ

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടത്തക്കവിധം സി.ജി.സി.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 27,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

2230-02-101-88—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി ഡെവലപ്പ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കി മാറ്റൽ

2013-14 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 250 ലക്ഷം രൂപ വിനിയോഗിച്ച് സ്വന്തമായി കെട്ടിടമുള്ള ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള കണ്ണൂർ, മലപ്പുറം, പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് വേണ്ടിയുള്ള തുടർചെലവുകൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തികവർഷത്തിന്റെ ഒടുവിൽ, 26-2-2014-ലാണ് 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയത്. ആകയാൽ അധികതുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ടായിരുന്നില്ല.

ശിപാർശ

2230-03-800-94—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്—സഹായധനം

കില-യുടെ പ്രവർത്തനങ്ങൾക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 180 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നതിൽ 150 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. തൊഴിൽ ഭവനിൽ അഞ്ചാം നിലയിൽ കിലെ-യ്ക്ക് അനുവദിച്ച കെട്ടിടത്തിൽ അടിസ്ഥാന

സൗകര്യങ്ങൾ ഒരുക്കുന്നതിനും, പരിശീലന ഗവേഷണ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനും 30 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

ശിപാർശ

ജീവനക്കാരുടെ വർദ്ധിപ്പിച്ച ശമ്പളം, ആനുകൂല്യങ്ങൾ, പുനർ നിർണ്ണയിച്ച വാടക തുടങ്ങിയ ചെലവുകൾക്ക് നോൺ പ്ലാൻ ഇനത്തിൽ 3.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 45&46)

വിഭവ പരിമിതിമൂലം അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(ഇ) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-2015)

1, 4, 29, 31, 32, 34, 42, 48, 60, 76, 77, 78, 80 മുതൽ 87 വരെ, 89 എന്നീ ഖണ്ഡികകളിലെ ശിപാർശകളും ആയതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റും 2014-15 വർഷത്തെ നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതാണ്.

**(എഫ്) കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയുടെ 2011-2012 സാമ്പത്തിക വർഷത്തെ അന്വൽ പെർഫോമെൻസ് റിപ്പോർട്ടിന്മേലുള്ള ചർച്ചയെ സംബന്ധിച്ച് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(3) പ്രകാരമുള്ള സംക്ഷേപം**

ശിപാർശ

ലോകബാങ്കിന്റെ സഹായത്തോടുകൂടി ഭാരത സർക്കാർ മുഖേന നടപ്പിലാക്കി വരുന്ന വിദേശ സഹായ പദ്ധതിയായ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ടിനായി, 2011-12-ൽ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയ തുക ഡാം സുരക്ഷാ പ്രവൃത്തികൾക്കായിട്ടാണ് അനുവദിച്ചിരിക്കുന്നതെന്നും കേന്ദ്ര മന്ത്രാലയവും സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾമൂലം പ്രോജക്ട് ആരംഭിക്കുവാൻ കുറച്ച്

സമയം കൂടി വേണ്ടിവരുമെന്നതിനാൽ തുക അനുവദിക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ലായെന്നും സമിതിക്ക് ബോദ്ധ്യമായി. പ്രോജക്ട് ആരംഭിക്കുവാനുള്ള നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കണമെന്നും ആയതിനാവശ്യമായ തുക അനുവദിച്ച് കിട്ടാനുള്ള നടപടി സ്വീകരിക്കണമെന്നും ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യു.

(ഖണ്ഡിക 4)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

29-1-2014 -ലെ സർക്കാർ ഉത്തരവ് (സാധാ.) 28/14/ഊ.വ. പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിലുള്ള 12 ഡാമുകൾക്ക് ഡ്രിപ്പ് പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് ലോകബാങ്ക് അനുവദിച്ച തുക അനുവദിക്കണമെന്ന കെ.എസ്.ഇ.ബി.-യുടെ ആവശ്യം ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരുന്നു.

<u>ശിപാർശ</u>

**<u>കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി</u>**

കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിക്ക് 5-1-2012-ലെ നമ്പർ 20/2012/തൊഴിൽ ഉത്തരവ് പ്രകാരം 2011-12-ലെ ബഡ്ജറ്റിൽ അനുവദിച്ച പത്ത് ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്നുള്ള 8,89,311 രൂപയും ചേർത്ത് ആകെ 18,89,311 രൂപ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23-1-2012-ലെ എ 1/668/2011 നമ്പർ ഉത്തരവു പ്രകാരം വിവിധ ജില്ലകളിലേക്ക് ആനുകൂല്യ വിതരണത്തിനായി അനുവദിച്ചിട്ടുണ്ടെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. പദ്ധതിയിൽ എത്ര മെമ്പർമാർ ഉണ്ടെന്നും മാനേജ്മെന്റ് വിഹിതം എത്രയെന്നും തൊഴിലാളി വിഹിതം എത്രയെന്നും തൊഴിലാളികളുടെയോ മാനേജ്മെന്റിന്റെയോ സർക്കാരിന്റെയോ കുടിശ്ശിക ഉണ്ടോ എന്നും എങ്കിൽ അത് എത്ര രൂപയാണെന്നും ഇപ്പോൾ ഫണ്ടിൽ എത്ര തുകയുണ്ടെന്നും, സർക്കാരിൽ നിന്നും എന്ത് തുക ലഭിക്കാനുണ്ടെന്നുമുള്ള വിശദാംശങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു.

(ഖണ്ഡിക 6)

## സർക്കാർ സ്വീകരിച്ച നടപടി

കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ നിലവിൽ 3,16,151 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതിയിൽ തൊഴിലാളി വിഹിതം പ്രതിമാസം 10 രൂപയും സർക്കാർ വിഹിതം തൊഴിലാളി വിഹിതത്തിന്റെ 20% (2 രൂപയുമാണ്) മാനേജ്മെന്റ് വിഹിതം ഇല്ല. 2010-11 സാമ്പത്തിക വർഷം വരെ 62,44,636 (അറുപത്തി രണ്ട് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി അറുന്നൂറ്റി മുപ്പത്തിയാറ് രൂപ) സർക്കാർ ഗ്രാന്റ് ഇനത്തിൽ കുടിശ്ശികയുണ്ട്. പദ്ധതിക്ക് നിലവിൽ 48,03,48,825 രൂപയുടെ സ്ഥിര നിക്ഷേപമുണ്ട്.

തിരുവനന്തപുരം,
2015 ജൂലൈ 20.

ആര്യാടൻ മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി VII.*

അനുബന്ധം

## 2014 ജൂൺ 3-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 2014 ജൂൺ 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 4 'എ' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോണും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ

1. ശ്രീ. എ. കെ. ബാലൻ, എം.എൽ.എ.
2. ശ്രീ. പി. കെ. ഗുരുദാസൻ, എം.എൽ.എ.
3. ശ്രീ. എം. ഹംസ, എം.എൽ.എ.
4. ശ്രീ. പി. എ. മാധവൻ, എം.എൽ.എ.
5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
6. ശ്രീ. എ. കെ. ശശീന്ദ്രൻ, എം.എൽ.എ.
7. ശ്രീ. എം. എ. വാഹിദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിൽ വകുപ്പ്
2. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, ഊർജ്ജ വകുപ്പ്
3. ശ്രീ. പി. ജി. തോമസ്, ലേബർ കമ്മീഷണർ
4. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീമതി കെ. എ. ശ്രീലത, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
6. ശ്രീ എം. എ. റാവുത്തർ, ഡയറക്ടർ (ഡി & ജിഎഫ്), കെ. എസ്. ഇ. ബി. ലിമിറ്റഡ്

7. ഡോ. എം. ബീനത്ത്, ഡി.ഐ.എം.എസ്.

8. ശ്രീ. കെ. വിക്രമൻ നായർ, ഡയറക്ടർ, കെ.എസ്.ഇ.ബി. ലിമിറ്റഡ്

9. ശ്രീ. വേണുഗോപാൽ, എസ്., ഡയറക്ടർ (ഫിനാൻസ്), കെ.എസ്.ഇ.ബി.

10 ശ്രീ. ജി. അനിൽ, ഡയറക്ടർ (ഇൻ-ചാർജ്ജ്) ഇ.എം.സി.

11 ഡോ. എം. ജയരാജ്, ഡയറക്ടർ, അനെർട്ട്

12 ശ്രീ. കെ. കെ. ഉണ്ണി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

13 ശ്രീ. എസ്. പത്മകുമാർ, രജിസ്ട്രാർ, ഇ.എം.സി.

14 ശ്രീ. ആർ. രാജകുമാർ, ഫിനാൻസ് ഓഫീസർ, ഡി.ഐ.എം.എസ്.

15. ശ്രീ. പി. ആർ., സുരേഷ്കുമാർ, ഫിനാൻസ് ഓഫീസർ, ലേബർ കമ്മീഷണറേറ്റ്.

പ്രസ്തുത യോഗത്തിൽ സമിതി 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, സമിതിയുടെ സാധൂകരണത്തിനായി സമർപ്പിച്ച എസ്.ആർ.ഒ. നമ്പർ 30/2014, 2009-10, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത്, രണ്ടാമത്, മൂന്നാമത് റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന അഭിപ്രായങ്ങളോടെ അംഗീകരിക്കുകയും ചെയ്തു:

1. വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2568/സബ്.സി. സി1/2014/നി.സെ.)

2. തൊഴിലും പുനരധിവാസവും വകുപ്പ് പുറപ്പെടുവിച്ച 7-1-2014 തീയതിയിലെ എസ്.ആർ.ഒ. നമ്പർ 30/2014 ഭേദഗതി കൂടാതെ സാധൂകരിച്ചു.

(ഫയൽ നമ്പർ 3724/സബ്.സി.സി1/2012/നി.സെ.)

3. സമിതിയുടെ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

(1) 2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII (ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും)-ന്റെ നാലാമത് റിപ്പോർട്ട്

ഖണ്ഡിക 41

(ഫയൽ നമ്പർ 15562/സി1/2009/നി.സെ)

(2) 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിഷയനിർണ്ണയ സമിതി-VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)-ന്റെ രണ്ടാമത് റിപ്പോർട്ട്.

ഖണ്ഡിക 4, 5, 43

(ഫയൽ നമ്പർ 3036/സി 1/2012/നി.സെ)

(3) 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിഷയനിർണ്ണയ സമിതി-VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)-ന്റെ മൂന്നാമത് റിപ്പോർട്ട്.

ഖണ്ഡിക 1, 2, 52, 56

പ്രസ്തുത റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേൽ അധികവിവരം ആവശ്യപ്പെടുവാൻ സമിതി തീരുമാനിച്ചു:

ഖണ്ഡിക 15

മുഖ്യ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെയും അദ്ദേഹത്തിന്റെ കീഴിലുള്ള 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളുടെയും ഓഫീസ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി അധികമായി ആവശ്യപ്പെട്ട തുക അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് വീണ്ടും ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ഖണ്ഡിക 30

ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിച്ചതിനുശേഷം സമിതി ശിപാർശ പ്രകാരമുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വകുപ്പ് രേഖാമൂലം നേരത്തെ മറുപടി നൽകിയിരുന്നു. പ്രസ്തുത ബോർഡ് പുനഃസംഘടിപ്പിച്ചുകഴിഞ്ഞതായി നിരീക്ഷിച്ച സമിതി ടി തുക അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചപ്പോൾ ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്തപ്രകാരമുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു.

ഡിമാൻഡ് 48, 49, 50, 51

സമിതിയുടെ ബഡ്ജറ്റ് ശിപാർശകൾ കാബിനറ്റ് അംഗീകരിക്കുകയും ആയത് സംബന്ധിച്ചുള്ള ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടും സമിതി ശിപാർശ പ്രകാരമുള്ള തുക വകുപ്പിന് അനുവദിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും പ്രസ്തുത തുക 15 ദിവസത്തിനുള്ളിൽ അനുവദിച്ച് ഉത്തരവാകണമെന്ന് ധനകാര്യ വകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെടുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

ഡിമാൻഡ് 53, 54, 55, 57, 58, 59, 60

പ്രസ്തുത ഡിമാൻഡുകളിൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരമുള്ള തുക അടിയന്തരമായി അനുവദിച്ച് ഉത്തരവാകണമെന്ന് ധനകാര്യ വകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെടുവാൻ സമിതി നിർദ്ദേശിച്ചു.

ആർ.ജി.ജി.വി.വൈ. സ്കീമിന്റെ കീഴിലുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്ന പദ്ധതി നിർത്തിവച്ചിരിക്കുകയാണെന്ന് വിവിധ കെ.എസ്.ഇ.ബി. ഓഫീസുകളിലെ ഉദ്യോഗസ്ഥർ അറിയിച്ചതായി തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രിയുൾപ്പെടെയുള്ള അംഗങ്ങൾ ബഹു. ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. എന്നാൽ അത്തരമൊരു തീരുമാനം ഇല്ലെന്നും പരാതി ഉണ്ടായ സാഹചര്യത്തിൽ തെറ്റായ വിവരം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടി സ്വീകരിക്കണമെന്നും ഹാജരായ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരോട് സമിതി അദ്ധ്യക്ഷൻ ബഹു. ഊർജ്ജ വകുപ്പുമന്ത്രി ആവശ്യപ്പെട്ടു. ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അമ്പലപ്പാറ സെക്ഷനിൽ പ്രസ്തുത സ്കീമിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട അപേക്ഷകനോട് ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കുന്നതിന് പണം അടയ്ക്കണമെന്ന് ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടതായുള്ള പരാതി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടതിന്റെ വെളിച്ചത്തിൽ അക്കാര്യം അന്വേഷിച്ച് കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിൽ ഇനിയും മറുപടികൾ ലഭ്യമാക്കാനുള്ളവയ്ക്ക് അടിയന്തരമായി മറുപടി ലഭ്യമാക്കണമെന്ന് സമിതി വകുപ്പ് ഉദ്യോഗസ്ഥരോട് നിർദ്ദേശിക്കുകയും ആയത് ഒരാഴ്ചയ്ക്കകം ലഭ്യമാക്കുന്നതാണെന്ന് വകുപ്പ് സെക്രട്ടറി സമിതിയിൽ ഉറപ്പുനൽകുകയുമുണ്ടായി.

രാവിലെ 11.40-ന് സമിതിയോഗം പിരിഞ്ഞു.

## 2014 ജൂലൈ 9-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 2014 ജൂലൈ 9-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4.20-ന് നിയമസഭാ സമുച്ചയത്തിലെ 3 'ബി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോണും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായി:

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. എ. കെ. ബാലൻ, എം.എൽ.എ.
2. ശ്രീ. പി. കെ. ഗുരുദാസൻ, എം.എൽ.എ.
3. ശ്രീ. പി. എ. മാധവൻ, എം.എൽ.എ.
4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം. എൽ.എ.
5. ശ്രീ. എ. കെ. ശശീന്ദ്രൻ, എം.എൽ.എ.
6. ശ്രീ. കെ. ശിവദാസൻ നായർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിലും പുനരധിവാസവും വകുപ്പ്.
2. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീമതി പി. പി. സജിത, അഡീഷണൽ സെക്രട്ടറി, തൊഴിലും പുനരധിവാസവും വകുപ്പ്.
4. ശ്രീ. പി. ഹരികുമാർ, അഡീഷണൽ സെക്രട്ടറി, തൊഴിലും പുനരധിവാസവും വകുപ്പ്
5. ശ്രീമതി കെ. എ. ശ്രീലത, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. കെ. കെ. ഉണ്ണി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ
7. ശ്രീമതി ഷൈനാമോൾ, എ., ഡയറക്ടർ (എംപ്ലോയ്മെന്റ് & ട്രെയിനിംഗ്)

പ്രസ്തുത യോഗത്തിൽ സമിതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(3) പ്രകാരമുള്ള സംക്ഷേപം, ഊർജ്ജ വകുപ്പിൽ നിന്നുള്ള 31-1-2013-ലെ 66/2013 നമ്പർ എസ്.ആർ.ഒ., തൊഴിലും പുനരധിവാസവും വകുപ്പിൽ നിന്നുള്ള 24-2-2014-ലെ 163/2014-ാം നമ്പർ എസ്.ആർ.ഒ., 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, പ്രസ്തുത റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിച്ചു.

1. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (3) പ്രകാരമുള്ള സംക്ഷേപം പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

(1) പ്രധാന ശീർഷകമായി 'സംക്ഷേപം' എന്ന് ചേർക്കാനും നിലവിലുള്ള ശീർഷകത്തിലെ 'സംക്ഷിപ്തം' എന്ന വാക്ക് ഒഴിവാക്കാനും;

(2) പേജ് ഒന്നിലെ ആദ്യ ഖണ്ഡിക താഴെ പറയും പ്രകാരം തിരുത്താനും;

'കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 235-ാം ചട്ടത്തിലെ (1)-ാം ഉപചട്ടം (V) പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയുടെ 2011-2012 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളെ സംബന്ധിച്ച് 11-3-2013-ൽ സമിതി ചർച്ച ചെയ്യുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ സംക്ഷേപം ചുവടെ ചേർക്കുന്നു:'

(3) കരട് സംക്ഷേപത്തിന്റെ പേജ് രണ്ടിലെ ആദ്യ ഖണ്ഡികയിലെ 'നിരീക്ഷിച്ച്' എന്ന വാക്കിനും പൂർണ്ണവിരാമ ചിഹ്നത്തിനുംശേഷം 'ബാക്കി ലഭിക്കാനുള്ള തുകയുടെ വിശദാംശം നൽകണമെന്നും ടി തുക കൂടി ലഭ്യമാക്കണമെന്നും ആയതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി, നിലവിലുള്ള സ്ഥിതി എന്നിവ സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്തു' എന്ന് ചേർക്കാനും,

(4) പേജ് രണ്ടിലെ മൂന്നാം ഖണ്ഡികയിലെ അവസാനത്തെ 'ബോധ്യമായി' എന്ന വാക്കിനും പൂർണ്ണവിരാമ ചിഹ്നത്തിനുംശേഷം 'പ്രോജക്ട് ആരംഭിക്കുവാനുള്ള നടപടി ക്രമങ്ങൾ എത്രയുംവേഗം പൂർത്തിയാക്കണമെന്നും ആയതിനാവശ്യമായ തുക അനുവദിച്ച് കിട്ടാനുള്ള നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്തു. ' എന്നു ചേർക്കാനും;

(5) പേജ് മൂന്നിലെ അവസാനത്തെ വാക്യം 'പ്രസ്തുത വിവരങ്ങൾ ലഭിച്ചിട്ടില്ല' എന്നത് ഒഴിവാക്കാനും; തീരുമാനിച്ചു.

2. ഊർജ്ജ വകുപ്പ് പുറപ്പെടുവിച്ച 31-1-2013-ലെ എസ്.ആർ.ഒ. നമ്പർ 66/2013-ന്റെ പരിശോധന

പ്രസ്തുത എസ്.ആർ.ഒ. ഭേദഗതി കൂടാതെ സാധൂകരിച്ചു

(ഫയൽ നമ്പർ 2080/സബ്.സി.സി1/2013/നി.സെ.)

3. തൊഴിലും പുനരധിവാസവും വകുപ്പ് പുറപ്പെടുവിച്ച 24-2-2014-ലെ എസ്.ആർ.ഒ. നമ്പർ 163/2013-ന്റെ പരിശോധന.

പ്രസ്തുത എസ്.ആർ.ഒ. നിയമവകുപ്പ് സൂക്ഷ്മപരിശോധന നടത്തി നല്കിയതു പ്രകാരമല്ല പ്രസിദ്ധീകരിച്ചതെന്നും ചട്ടങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ പാലിക്കപ്പെടേണ്ട അടിസ്ഥാന തത്വങ്ങളും ഘടനയും പാലിച്ചിട്ടില്ലെന്നും ആയതിനാൽ ടി എസ്.ആർ.ഒ. റദ്ദ് ചെയ്തു് തിരുത്തി പുനഃപ്രസിദ്ധീകരിക്കേണ്ടതാണെന്നും നിയമവകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

പ്രസ്തുത ചട്ടങ്ങളുടെ ഘടനയിൽ ചെറിയ വ്യത്യാസമുണ്ടെങ്കിലും ഉള്ളടക്കത്തിൽ വ്യത്യാസമില്ലെന്ന് തൊഴിലും പുനരധിവാസവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തദവസരത്തിൽ വ്യക്തമാക്കി. തുടർന്ന് പ്രസ്തുത എസ്.ആർ.ഒ. നിയമവകുപ്പിലേക്ക് അയയ്ക്കുവാനും, വകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയശേഷം ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള എസ്.ആർ.ഒ.-യിൽ പരാമർശിച്ചിട്ടുള്ള തീയതി മുതൽ പ്രാബല്യം ലഭിക്കുംവിധം മുൻകാല പ്രാബല്യത്തോടെ പുനഃപ്രസിദ്ധീകരിക്കുവാനും സമിതി നിർദ്ദേശിച്ചു.

(ഫയൽ നമ്പർ 2556/സബ്.സി.സി1/2014/നി.സെ.)

4. 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും)-ന്റെ മൂന്നാമത് റിപ്പോർട്ടിലെ 17, 18, 31, 33, 34, 36, 41 മുതൽ 44 വരെ, 61 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഖണ്ഡിക 36-ലെ അക്കൗണ്ട് ഹെഡിൽ ആവശ്യപ്പെട്ട അധിക തുക വകയിരുത്തണമെന്ന് ധനകാര്യ വകുപ്പിനോട് ശിപാർശ ചെയ്യാനും തീരുമാനിച്ചു.

(ഫയൽ നമ്പർ 2849/സബ്.സി.സി1/13/നി.സെ.)

5 മേൽപ്പറഞ്ഞ സ്റ്റേറ്റ്മെന്റുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2849/സബ്.സി.സി1/2013/നി.സെ.)

വൈകുന്നേരം 5 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 2014 ആഗസ്റ്റ് 26-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയസമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 2014 ആഗസ്റ്റ് 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5'ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോണും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായി.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.
2. ശ്രീ. എം. ചന്ദ്രൻ, എം.എൽ.എ.
3. ശ്രീ. പി. കെ. ഗുരുദാസൻ, എം.എൽ.എ.
4. ശ്രീ. എം. ഹംസ, എം.എൽ.എ.
5. ശ്രീ. വി. പി. മാധവൻ, എം.എൽ.എ.
6. ശ്രീ. പി. കെ. ശശീന്ദ്രൻ, എം.എൽ.എ.
7. ശ്രീ. എം. എ. വാഹീദ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, ഊർജ്ജവകുപ്പ്
2. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. പി. ഹരികുമാർ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
4. ശ്രീമതി പി. പി. സുജാത, അഡീഷണൽ സെക്രട്ടറി, ഊർജ്ജവകുപ്പ്
5. ശ്രീമതി കെ. എ. ശ്രീലത, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
6. ഡോ. എം. ബീനത്, ഡയറക്ടർ, ഐ.എം.എസ്.
7. ശ്രീ. കെ. എം. ധരേശൻ ഉണ്ണിത്താൻ, ഡയറക്ടർ, ഇ.എം.സി.

പ്രസ്തുത യോഗത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) (iii) പ്രകാരം, സൗരോർജ്ജ പദ്ധതികൾ (പുതിയ പദ്ധതി), വാതകാധിഷ്ഠിത വൈദ്യുത പദ്ധതികൾ (പുതിയ പദ്ധതി), കാറ്റിനെ അടിസ്ഥാനമാക്കിയുള്ള വൈദ്യുത പദ്ധതികൾ, കൽക്കരി ആധാരമാക്കിയുള്ള വൈദ്യുത പദ്ധതികൾ, എനർജി മാനേജ്മെന്റ് സെന്റർ എന്നീ വിഷയങ്ങളുടെ പരിഗണനയ്ക്കായി ഊർജ്ജവകുപ്പ് സമർപ്പിച്ച കുറിപ്പുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി താഴെപ്പറയും പ്രകാരം സമിതി ചർച്ച നടത്തി:

I. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) (iii) പ്രകാരമുള്ള ചർച്ച

(i) സൗരോർജ്ജ പദ്ധതികൾ (പുതിയ പദ്ധതി)

2012-13 വർഷത്തെ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ (എം.എൻ.ആർ.ഇ.) സഹായത്തോടെ റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിയിൽ ആദ്യഘട്ടമായി 6400 ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയുണ്ടായെന്നും ടി പദ്ധതിക്കായി എം. പാനൽ ചെയ്ത കമ്പനികളിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വാങ്ങിക്കുകയും, അതിൽ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് കുറഞ്ഞ ഇരുപത്തിയഞ്ച് കമ്പനികളെ തെരഞ്ഞെടുക്കുകയും, അതിൽ ഏറ്റവും കുറഞ്ഞ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് 1,77,540 രൂപയാണെന്നും, പ്രസ്തുത തുകയുടെ മുപ്പത് ശതമാനമായ 53,262 രൂപയാണ് കേന്ദ്ര സബ്സിഡിയായി അനുവദിച്ചിരിക്കുന്നതെന്നും, ഉപഭോക്താക്കൾക്ക് എം. പാനൽ ചെയ്തിട്ടുള്ള ഏത് കമ്പനിയിൽ നിന്നുവേണമെങ്കിലും റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് വാങ്ങാവുന്നതാണെന്നും സമിതി ചെയർമാൻ വിശദമാക്കി. കേരളത്തിൽ എം. പാനൽ ചെയ്ത എത്ര കമ്പനികളുണ്ടെന്ന്

സമിതി ആരാഞ്ഞതിന് ഇടുക്കിയിലുള്ള അമ്മിണി സോളാർ എന്ന കമ്പനിയാണ് കേരളത്തിലുള്ളതെന്ന് ഊർജ്ജവകുപ്പ് സെക്രട്ടറി വെളിപ്പെടുത്തി.

പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടമായി 2014-15 വർഷം 3600 ഓഫ് ഗ്രിഡ് പ്ലാന്റുകൾ സ്ഥാപിച്ച് 2014 ഡിസംബർ മാസത്തോടെ 10000 എണ്ണം എന്ന ലക്ഷ്യം കൈവരിക്കാനാണുദ്ദേശിക്കുന്നതെന്നും സമിതി മനസ്സിലാക്കി.

സൗരോർജ്ജ വൈദ്യുതി ഉത്പാദനത്തിനായി 23.40 കോടി രൂപയുടെ സർക്കാർ പ്ലാൻ ഫണ്ടോടുകൂടിയുള്ള പദ്ധതികളാണ് അനെർട്ട് മുഖേന നടപ്പുസാമ്പത്തികവർഷം നടപ്പിലാക്കുന്നതെന്നും, ആയതിലൂടെ 16.2 മെഗാവാട്ട് അധിക സ്ഥാപിത ശേഷിയാണ് സോളാർ ഊർജ്ജ മേഖലയിൽ ലക്ഷ്യമിടുന്നതെന്ന് സമിതി മനസ്സിലാക്കി. കൂടാതെ പാലക്കാട് ജില്ലയിൽ 2 മെഗാ വാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റ് കുഴൽമന്ദത്ത് അനെർട്ടിന്റെ സ്ഥലത്താണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

(ii) <u>കാറ്റിനെ അടിസ്ഥാനമാക്കിയുള്ള വൈദ്യുത പദ്ധതികൾ</u>

കേരളത്തിൽ കാറ്റാടി വൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിനായി കേന്ദ്ര പൊതുമേഖലാസ്ഥാപനമായ നാഷണൽ ഹൈഡ്രോപവർ കോർപ്പറേഷൻ ലിമിറ്റഡുമായി കേരള സർക്കാർ 6-1-2014-ൽ ധാരണാപത്രം ഒപ്പു വച്ചതായും, ആയതിന്റെ ആദ്യ ഘട്ടമായി പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ കോട്ടത്തറ, നല്ലസിംഗം എന്നീ സ്ഥലങ്ങളിൽ 82 മെഗാവാട്ട് പദ്ധതി ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നതായും, തുടർഘട്ടങ്ങളിൽ സാധ്യമായ കൂടുതൽ കാറ്റാടി വൈദ്യുതി നിലയങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ധാരണാപത്രം ലക്ഷ്യമിടുന്നതായും സമിതി മനസ്സിലാക്കി.

അട്ടപ്പാടിയിലും രാമക്കൽമേട്ടിലും കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭം കുറിച്ചെങ്കിലും ഭൂമിയെപ്പറ്റിയുള്ള വിവാദത്തിന്റെ പേരിൽ സർക്കാരിന് ടി പദ്ധതിയിൽ നിന്നും പിൻമാറേണ്ടി വന്നുവെന്നും യഥാർത്ഥത്തിൽ ആദിവാസികളുടേതല്ലാത്ത ഭൂമിയുടെ പേരിലാണ് വിവാദം ഉണ്ടായതെന്നും പ്രസ്തുത ഭൂമി ആദിവാസികളുടേതല്ലെന്ന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയുടെ റിപ്പോർട്ടിലുണ്ടെന്നും സമിതി ചൂണ്ടിക്കാണിച്ചു. പാലക്കാട് കളക്ടറേറ്റിൽ ഇതു സംബന്ധിച്ച് പ്രത്യേകം നോട്ടീസ് പുറപ്പെടുവിച്ചതിനുശേഷമാണ് എൻ.എച്ച്.പി.സി. പ്രസ്തുത പദ്ധതി ഏറ്റെടുക്കുന്നതെന്നും 82 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന പദ്ധതിയാണിതെന്നും സമിതി വ്യക്തമാക്കി. പ്രസ്തുത പദ്ധതി റവന്യൂ ഭൂമിയിലാണ് ആരംഭിക്കുന്നതെന്ന് ഊർജ്ജവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

(iii) വാതകാധിഷ്ഠിത വൈദ്യുത പദ്ധതികൾ (പുതിയ പദ്ധതി)

ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ (ഗെയിൽ) സ്ഥാപിക്കാനുദ്ദേശിക്കുന്ന കൊച്ചിൻ-മംഗലാപുരം പ്രകൃതി വാതക പൈപ്പ് ലൈനിന്റെ പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ വാതകാധിഷ്ഠിത പദ്ധതികൾ പ്രവർത്തന സജ്ജമാക്കുമെന്നും, എൽ.എൻ.ജി. ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുതോൽപ്പാദനത്തെപ്പറ്റി കൃത്യമായ ധാരണ ആർക്കും ഇല്ലാത്തതിനാൽ പ്രസ്തുത പദ്ധതിയുടെ സാദ്ധ്യതകളെപ്പറ്റി ഒരു പ്രസന്റേഷൻ നടത്താൻ അനുവദിക്കണമെന്നും, ശേഷം പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നതിനെക്കുറിച്ച് തീരുമാനമെടുക്കാവുന്നതാണെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. നാലായിരം കോടി രൂപ ചെലവുവരുന്ന പ്രസ്തുത എൽ.എൻ.ജി. പദ്ധതിക്കായി ഭൂമിക്കടിയിലൂടെ ലൈൻ കൊണ്ടുപോകുന്നതിന് തടസ്സമുണ്ടെന്നും ടി പദ്ധതിയെ സംബന്ധിച്ച് ഒരു പ്രസന്റേഷൻ നടത്തുന്നത് അഭികാമ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

(iv) കൽക്കരി അധിഷ്ഠിത വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പുതിയ പദ്ധതികൾ

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 1320 മെഗാവാട്ട് ശേഷിയുള്ള കൽക്കരി അധിഷ്ഠിത വൈദ്യുതി നിലയം സ്ഥാപിക്കുവാൻ സാധിക്കുമോ എന്നതു പരിശോധിച്ചുവരുന്നതായും, ചീമേനി പദ്ധതിയുടെ പാരിസ്ഥിതിക അനുമതി നേടി പദ്ധതി മുന്നോട്ട് കൊണ്ടുപോകുവാൻ ഉദ്ദേശിക്കുന്നതായും സമിതി മനസ്സിലാക്കി.

കേരളത്തിലെ വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതിയെന്ന നിലയിലാണ് ചീമേനി പദ്ധതിക്ക് രൂപം നൽകിയതെന്നും, ആയതിനായി കൃഷി വകുപ്പിൽ നിന്നും രണ്ടായിരത്തിയഞ്ഞൂറ് ഏക്കറോളം ഭൂമി വാങ്ങിക്കുകയും ചെയ്തുവെന്നും, കൂടാതെ ആയിരം മെഗാവാട്ടിന്റെ വൈതരണി കൽക്കരിപ്പാടം പദ്ധതി വലിയ സാദ്ധ്യതകൾ ഉണ്ടായിരുന്നുവെങ്കിലും, പ്രദേശത്തെ കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിയാൽ മാത്രമേ പദ്ധതിയുമായി മുന്നോട്ടുപോകുവാൻ കഴിയൂ എന്ന ധാരണയിൽ അഞ്ഞൂറ് കൃഷിക്കാർക്ക് പട്ടയം നൽകുകയുണ്ടായിയെങ്കിലും പട്ടയം ലഭിച്ചതോടെ അവർ പദ്ധതിയിൽ നിന്നും പിന്മാറുകയും സർക്കാരിന് പദ്ധതിയുമായി മുന്നോട്ടുപോകാൻ പറ്റാത്ത അവസ്ഥയുണ്ടായതായും സമിതി ചൂണ്ടിക്കാണിച്ചു. തുടർന്ന് 1200 മെഗാവാട്ടിന്റെ പദ്ധതിയുമായി ഗെയിൽ (GAIL) കമ്പനി മുന്നോട്ടുവന്നിട്ടുണ്ടെങ്കിലും നിലവിൽ ഭൂമിയുടെ വില, ഉൽപ്പാദനചെലവ് എന്നിവമൂലം ടി പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമായതിനാൽ കൽക്കരിക്ക് പ്രാധാന്യം കൊടുത്ത് കുറഞ്ഞ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് മുൻതൂക്കം നൽകേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. കേന്ദ്രാനുമതി ലഭിച്ചാൽ കൽക്കരി ഉപയോഗിച്ചുള്ള വൈദ്യുതോല്പാദന പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുമെന്നും പ്രസ്തുത പദ്ധതിക്കായി ഇൻഡോനേഷ്യയിൽ നിന്നും കുറഞ്ഞ ചെലവിൽ ഗുണനിലവാരമുള്ള കൽക്കരി ഇറക്കുമതി ചെയ്യാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. ആഭ്യന്തരമായി

ഉല്പാദിപ്പിക്കുന്ന ഗ്യാസും, ഇറക്കുമതി ചെയ്യുന്ന ഗ്യാസും ഇടകലർത്തി ചെലവ് കുറഞ്ഞ ഒരു പദ്ധതിക്ക് ഗുജറാത്ത് സർക്കാർ അംഗീകാരം നേടിയെടുത്തിട്ടുണ്ടെന്നും പ്രസ്തുത മാതൃക പരിശോധിച്ച് അത്തരത്തിലുള്ള ഒരു നിർദ്ദേശം കേരള സർക്കാരും നൽകിയിട്ടുണ്ടെന്ന് സമിതി വ്യക്തമാക്കി.

<u>എനർജി മാനേജ്മെന്റ് സെന്റർ</u>

ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ, ഫാനുകൾ എന്നിവ വിതരണം ചെയ്യുന്ന ഒരു പദ്ധതി തയ്യാറായിക്കൊണ്ടിരിക്കുകയാണെന്നും, എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് എന്ന കമ്പനിയെയാണ് കേന്ദ്രസർക്കാർ ഇതിനായി കണ്ടെത്തിയിരിക്കുന്നതെന്നും, പോണ്ടിച്ചേരി മണ്ഡലത്തിൽ വിജയകരമായി നടപ്പിലാക്കിയ ഒരു പദ്ധതിയാണിതെന്നും ഓരോ വീടുകളിലും ഇൻകാന്റസന്റ് ബൾബിന് പകരം രണ്ട് എൽ.ഇ.ഡി. ബൾബുകൾ നൽകുന്ന ഒരു പദ്ധതി നിലവിലുള്ളതായും, പ്രസ്തുത പദ്ധതി വഴി ചെലവാകുന്ന തുക ഉപഭോക്താക്കളുടെ ബില്ലിലെ മിച്ചം തുകയിൽ നിന്നും നാല് വർഷം കൊണ്ട് തിരിച്ചുപിടിക്കുകയാണ് ചെയ്യുന്നതെന്നും, കേരളത്തിൽ അറുപത് വാട്ടിന്റെ ഇൻകാന്റസന്റ് ബൾബ് പതിനാല് വാട്ടിന്റെ സി.എഫ്.എൽ. വച്ച് റീപ്ലേസ് ചെയ്ത് കഴിഞ്ഞതായും, ഊർജ്ജവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

കേരളത്തിൽ പ്രാധാന്യമർഹിക്കുന്ന വിഷയം ഫാനിന്റെ കാര്യത്തിലാണെന്നും, ഫാനുകളുടെ ഊർജ്ജ ഉപഭോഗം 72 വാട്ടാണെന്നും, പുതിയ എനർജി എഫിഷ്യൻസിയിലൂടെ 40 വാട്ട് വരെയുള്ള ഫാനുകളാണ് വരുന്നതെന്നും, ആയതിന് അഞ്ഞൂറ് രൂപയുടെ അധിക ചെലവ് ഉണ്ടാകുമെന്നും, കേരളത്തിനുവേണ്ടി തയ്യാറാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിപ്രകാരം രണ്ട് എൽ.ഇ.ഡി. ബൾബുകളും, രണ്ട് ഫാനുകളുമാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നതെന്നും ആയതിന് നാലായിരം രൂപയുടെ ചെലവുവരുമെന്നും, പ്രസ്തുത തുക ഉപഭോക്താക്കളിൽ നിന്നും തിരിച്ചുപിടിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾ നടന്നുവരികയാണെന്നും സെക്രട്ടറി അറിയിച്ചു

എൽ.ഇ.ഡി. ഫാൻ ഉപഭോക്താവിന് നൽകുമ്പോൾ നിലവിലുള്ള ഫാനുകൾ തിരിച്ചെടുക്കാനാണുദ്ദേശിക്കുന്നതെന്നും, എക്സ്ചേഞ്ച് ചെയ്യുമ്പോൾ മോട്ടോർ മാത്രമെടുത്ത് രണ്ടാമത് ഉപയോഗിക്കാവുന്നതാണെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. എല്ലാ മുനിസിപ്പാലിറ്റികളിലും തെരുവു വിളക്കുകളെല്ലാം എൽ.ഇ.ഡി. ആക്കി മാറ്റുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും സമിതിയുടെ ചോദ്യത്തിനുത്തരമായി സെക്രട്ടറി അറിയിച്ചു.

തുടർന്ന് ഓരോ നിയോജകമണ്ഡലത്തിലും എനർജി ഡിസ്ട്രിബ്യൂഷൻ പ്രവൃത്തികൾക്കായി 10 ലക്ഷം രൂപ വീതം അനുവദിക്കുന്നതിനുള്ള പദ്ധതിയുടെ ഉത്തരവായിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഇതു സംബന്ധിച്ച്

കെ.എസ്.ഇ.ബി.യിൽ നിന്നും ഉത്തരവായിട്ടുണ്ടെന്നും, സർക്കാരിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ടെന്നും ഊർജ്ജ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

ജോലിക്കിടയിൽ പോസ്റ്റിൽ നിന്നും മറ്റും വീണ് മരിക്കുന്ന കരാർ തൊഴിലാളികളുടെ സുരക്ഷയെ സംബന്ധിക്കുന്ന വിഷയം പല സർക്കാരും പരിഗണിക്കാത്ത വിഷയമാണെന്നും, മൂന്ന് ലക്ഷം രൂപയ്ക്ക് താഴെയുള്ള കോൺട്രാക്ടുകളിൽ നഷ്ടപരിഹാരം ബോർഡ് നൽകുന്നുണ്ടെന്നും, മൂന്ന് ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ളതിന് വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതായും ഡെപ്യൂട്ടി ലേബർ കമ്മീഷണർ അവാർഡ് ചെയ്യുന്ന തുകയ്ക്കനുസരിച്ചാണ് നഷ്ടപരിഹാരം നൽകി വന്നിരുന്നതെന്നും എന്നാൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർക്ക് പ്രസ്തുത അധികാരം ഇപ്പോൾ ഇല്ലെന്നും കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തി പ്രസ്തുത അധികാരം നിലവിൽ ഇൻഡസ്ട്രീസ് ട്രിബ്യൂണലിലേക്ക് മാറ്റിയിരിക്കുന്നതായും സമിതി ചൂണ്ടിക്കാണിച്ചു

വിദ്യുച്ഛക്തി ബോർഡിനുവേണ്ടി പണിചെയ്യുന്ന സ്ഥിരം ജീവനക്കാരനാണ് മരിക്കുന്നതെങ്കിൽ അവരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിന് നിലവിൽ നിയമമുള്ളതായും, എന്നാൽ കരാർ തൊഴിലാളികളുടെ വിഷയത്തിൽ ആശ്രിതർക്ക് ജോലി നൽകുന്നതുപോലുള്ള ആനുകൂല്യങ്ങൾ പ്രായോഗികമല്ലെന്നും, ചില അവസരങ്ങളിൽ നഷ്ടപരിഹാരം നൽകിവരുന്നതായും, സ്ഥിരം ജീവനക്കാരനാണെങ്കിൽ വർക്ക്മെൻ കോമ്പൻസേഷൻ സംഖ്യയ്ക്കുപുറമേ ബോർഡിൽ നിന്നും 5 ലക്ഷം രൂപയും, ഇൻഷ്വറൻസ് തുകയായി 5 ലക്ഷം രൂപയും കൂടാതെ ക്ഷേമനിധി ഫണ്ടിൽ നിന്നുള്ള ഒരു നിശ്ചിത തുകയുൾപ്പെടെ ഏകദേശം 25 ലക്ഷം രൂപ മരിച്ചയാളുടെ ആശ്രിതന് നൽകി വരുന്നതായും സമിതി ചെയർമാൻ വ്യക്തമാക്കി.

വൈദ്യുതി ബോർഡിന്റെ പ്രധാനപ്പെട്ട ജോലികളെല്ലാം ചെയ്യുന്ന കരാർ തൊഴിലാളികളുടെ മരണനിരക്ക് കൂടുതലായതിനാൽ, ഇവരുടെ വിഷയത്തിൽ പ്രത്യേക പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

സംസ്ഥാനത്ത് പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നത് ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും ബാക്കിയുള്ളവ 30-9-2014-നകം കൊടുത്തുതീർക്കുമെന്നും ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ കണക്ഷൻ നൽകിയിട്ടുള്ളതെന്നും സമിതി വ്യക്തമാക്കി.

പാലക്കാട് ജില്ലയിൽ ആർ.ജി.ജി.വി.വൈ. പദ്ധതിപ്രകാരം കണക്ഷൻ കൊടുക്കുന്നത് സംബന്ധിച്ച് സമിതിയംഗത്തിന്റെ പരാതി പരിശോധിച്ച് ബന്ധപ്പെട്ട

ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ഉടനെ നടപടി സ്വീകരിക്കുന്നതാണെന്ന് ഊർജ്ജ വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകുകയും ചെയ്തു.

2. കരട് ചട്ടങ്ങളുടെ പരിഗണന

1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് സ്പെഷ്യൽ റൂൾസ് (ഭേദഗതി) ചട്ടം, കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് സ്പെഷ്യൽ റൂൾസ് (ഭേദഗതി) ചട്ടം എന്നിവ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3765/സബ്.സി.സി1/14/നി.സെ.)

3. 11-2-2014-ലെ യോഗത്തിൽ ഭേദഗതികളോടെ സമിതി അംഗീകരിച്ച കരട് ചട്ടം അനുസരിച്ച് തൊഴിലും പുനരധിവാസവും വകുപ്പ് 19-6-2014-ലെ 374/2014-ാം നമ്പർ എസ്.ആർ.ഒ. ആയി പുറപ്പെടുവിച്ച 2014-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് (ഭേദഗതി) സ്പെഷ്യൽ റൂൾസ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

(ഫയൽ നമ്പർ 5100/സബ്.സി.സി1/14/നി.സെ.)

4. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1) (iii) പ്രകാരം 17-10-2012, 26-12-2012, 18-12-2013 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിച്ച വിഷയങ്ങളിൽ നടത്തിയ ചർച്ചകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് തയ്യാറാക്കുവാൻ സമിതി നിർദ്ദേശിച്ചു.

(ഫയൽ നമ്പർ 5079/സബ്.സി.സി1/12/നി.സെ.)

(ഫയൽ നമ്പർ 304/സബ്.സി.സി1/12/നി.സെ.)

(ഫയൽ നമ്പർ 5602/സബ്.സി.സി1/13/നി.സെ.)

5. 2010-2011, 2011-2012, 2012-2013 എന്നീ വർഷങ്ങളിലെ ആനുവൽ പെർഫോമൻസ് റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാത്തതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും സഭയിൽ സമർപ്പിക്കുന്നതിനായി പ്രസ്തുത റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

സമിതി ഉച്ചയ്ക്കുശേഷം 12.10-ന് യോഗം പിരിഞ്ഞു.

## 2014 ഒക്ടോബർ 21-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും 2014 ഒക്ടോബർ 21-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 'ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോണിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായി:

ഹാജരായ അംഗങ്ങൾ

1. ശ്രീ. പി. എ. മാധവൻ, എം.എൽ.എ.
2. ശ്രീ. എം. എ. വാഹീദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി വി. ആർ. രജനി, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
2. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ഡോ. എം. ബീനത്, ഡയറക്ടർ, ഐ.എം.എസ്.
4. ശ്രീമതി കെ. എ. ശ്രീലത, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
5. ഡോ. ജി. എൽ. മുരളീധരൻ, ലേബർ കമ്മീഷണർ-ഇൻ-ചാർജ്ജ്
6. ശ്രീ. വി. വീരകുമാർ, എംപ്ലോയ്മെന്റ് ഡയറക്ടർ, കെ.ഐ.എൽ.ഇ.
7. ശ്രീ. പി. ആർ. റെയ്നോൾഡ്, ജോയിന്റ് ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ്
8. ശ്രീ. എ. അലക്സാണ്ടർ, അഡീഷണൽ ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ് ഓഫീസ്
9. ശ്രീ. എസ്. തുളസീധരൻ, അഡീഷണൽ ലേബർ കമ്മീഷണർ
10. ശ്രീ. ഒ. റ്റി. പ്രേമരാജൻ, ഫിനാൻസ് ഓഫീസർ, ലേബർ കമ്മീഷണറേറ്റ്

11. ശ്രീമതി ടി. എൽ. തങ്കമണി, കെ.എൽ.ഡബ്ല്യൂ.എഫ്.ബി., തിരുവനന്തപുരം

12. ശ്രീമതി എ. രാധാകുമാരി, സി.ഇ.ഒ., എ.ഡബ്ല്യൂ.ഡബ്ല്യൂ.എഫ്.ബി., തൃശ്ശൂർ.

13. ശ്രീ. സി. സെൽവരാജ്, സി.ഡബ്ല്യൂ.എഫ്.ഐ., ടോഡി വെൽഫെയർ ബോർഡ്

സമിതി 1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് കരട് ഭേദഗതി ചട്ടങ്ങൾ, കേരള കൈത്തൊഴിലാളി വിദഗ്ദ്ധതൊഴിലാളി ക്ഷേമ പദ്ധതിയുടെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള അധിക വിവരം, 2009-2010, 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലെ വിവിധ റിപ്പോർട്ടുകളുടെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു.

1. 1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് കരട് ഭേദഗതി ചട്ടങ്ങൾ ഭേദഗതി കൂടാതെ അംഗീകരിച്ചു

(നമ്പർ 4915/സബ്.സി.സി1/14/നി.സെ.)

2. 2009-2010 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 54-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലന ക്ലാസ്സുകൾ നടത്തുന്നതിനായി കാസർഗോഡ് ജില്ലയിൽ ഒരു കോച്ചിംഗ്-കം-ഗൈഡൻസ് സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രസ്തുത ശിപാർശയിന്മേൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് ധാരാളം ഫണ്ടുകൾ ഉള്ളതിനാൽ വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

(നമ്പർ 15562/സബ്.സി.സി1/09/നി.സെ.)

3. 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 26, 38, 39 എന്നീ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സമിതി അംഗീകരിച്ചു

(ഫയൽ നമ്പർ 4870/സബ്.സി.സി1/11/നി.സെ.)

4. 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 36-ലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 3036/സബ്.സി.സി1/12/നി.സെ.)

5. കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയുടെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേൽ സമിതിയുടെ 11-3-2013-ലെ യോഗത്തിലാവശ്യപ്പെട്ട അധിക വിവരങ്ങൾക്കുള്ള മറുപടി സമിതി അംഗീകരിച്ചു

(ഫയൽ നമ്പർ 2643/സബ്.സി.സി1/12/നി.സെ.)

6. 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 3, 4, 5, 6, 7, 8, 9, 10, 11, 12, 14, 20, 21, 23, 25, 27, 28, 32, 37, 39, 40, 45, 46 എന്നീ ഖണ്ഡികകളിലെ ശിപാർശകകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിക്കുകയും താഴെപ്പറയും പ്രകാരം നിർദ്ദേശം നൽകുകയും ചെയ്തു

ഖണ്ഡിക 3

പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച വേളയിൽ മിനിമം വേജസ് കമ്മിറ്റിയുടെ സബ് കമ്മിറ്റികളുടെ പ്രവർത്തനത്തിന് അനുവദിച്ച തുക പര്യാപ്തമാണോയെന്ന് സമിതി ആരായുകയും സബ് കമ്മിറ്റികൾക്ക് പലപ്പോഴും യോഗം ചേരാൻ സാധിക്കുന്നില്ലെന്ന വകുപ്പ് അഭിപ്രായപ്പെടാറുണ്ടെന്നതിനാൽ പ്രസ്തുത വിഷയം പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ഖണ്ഡിക 5

പ്രസ്തുത ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച വേളയിൽ ആലപ്പുഴ വ്യാവസായിക ട്രിബ്യൂണലിന് 2230-01-101-96 എന്ന ശീർഷകത്തിൽ 1,61,000 രൂപയുടെ ഭരണാനുമതി ലഭിക്കുകയും, 61000 കോടി രൂപ അധികമായി അനുവദിക്കുകയും ചെയ്തിട്ടും ക്വട്ടേഷനിൽ വന്ന പിശകുകൾ കാരണം തുക വാങ്ങാൻ കഴിഞ്ഞില്ലെന്ന മറുപടിയുടെ കാരണം സർക്കാർ തലത്തിൽ പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ 4, 6, 7, 8, 9, 10, 11, 12, 14, 20, 23, 28, 32, 21, 25, 27, 37, 39, 40, 45, 46 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ യഥാസമയം സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റ് സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കാത്തതിന്റെ വിശദീകരണം സമിതി ആരാഞ്ഞതിന് ആയത് പത്ത് ദിവസത്തിനുള്ളിൽ നൽകുന്നതാണെന്ന് തൊഴിലും പുനരധിവാസവും വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകുകയും ചെയ്തു.

(ഫയൽ നമ്പർ 2849/സബ്.സി.സി1/2013/നി.സെ.)

7. 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 1, 89 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിക്കുകയും താഴെപ്പറയും പ്രകാരം നിർദ്ദേശം നൽകുകയും ചെയ്തു:

(ഫയൽ നമ്പർ 3216/സബ്.സി.സി1/14/നി.സെ.)

ഖണ്ഡിക 1

പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവെ റീഇംബേഴ്സ്മെന്റ് ഇനത്തിൽ ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്നും സർക്കാരിലേക്ക് ലഭിക്കാനുള്ള തുകയുടെ നിലവിലെ അവസ്ഥ എന്താണെന്നും ആയതിന് കാലതാമസം നേരിടാൻ കാരണമെന്താണെന്നും, പ്രസ്തുത ജോലി എത്ര സമയത്തിനുള്ളിൽ ചെയ്തു തീർക്കാനാകുമെന്നും സമിതി ആരാഞ്ഞു.

2003-04 വരെയുള്ള കണക്കുകൾ തീർപ്പുകൽപ്പിച്ചതായും, 2004-05 മുതൽ 2008-09-വരെയുള്ളവ തീർപ്പാക്കുന്നതിനായി ഇ.എസ്.ഐ. കോർപ്പറേഷനിൽ സമർപ്പിച്ചിട്ടുള്ളതായും, 2009-10, 2010-11, 2011-12 വർഷങ്ങളിലെ കണക്കുകൾ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി എ.ജി.-യിൽ പെൻഡിംഗാണെന്നും, നിലവിൽ 2012-13, 2013-14 എന്നീ വർഷങ്ങളിലെ കേസുകൾ തയ്യാറായിക്കൊണ്ടിരിക്കുക യാണെന്നും ഉദ്യോഗസ്ഥർ സമിതിയിൽ വിശദമാക്കി.

കേസുകൾ തീർപ്പുകൽപ്പിക്കുന്നതിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ ഭാഗത്തുനിന്നും കാലതാമസം വരുന്നുണ്ടെങ്കിലും നിലവിൽ കേസുകൾ യഥാസമയം തീർപ്പുകൽപ്പിക്കുന്നതിനുള്ള ജോലികൾ രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്നും, 2012-13, 2013-14 വർഷങ്ങളിലെ കേസുകളുടെ ഒത്തുതീർപ്പ് നടന്നുവരികയാണെന്നും, ഒത്തുതീർപ്പ് സമയത്ത് പ്രസ്തുത അക്കൗണ്ടിലേക്ക് ആരോഗ്യ വകുപ്പിലെ ചില ഡോക്ടർമാരുടെ ശമ്പളവും ഉൾപ്പെട്ടതായും ഒരു കോടി രൂപയുടെ വ്യത്യാസം അത്തരത്തിലുണ്ടായിട്ടുള്ളതായും ആയത് തിരുത്തിക്കൊണ്ടിരുന്നതിനാലാണ് കാലതാമസം നേരിട്ടതെന്നും ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു.

വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്രസ്തുത വിഷയം പരിഗണിച്ച് ഇ.എസ്.ഐ. കോർപ്പറേഷന്റെ അനുമതി വാങ്ങണമെന്നും, വകുപ്പിന്റെ ഭാഗത്തു നിന്നുള്ള ജോലികൾ യഥാസമയം പൂർത്തിയാക്കണമെന്നും നിർദ്ദേശിച്ചു.

2014 നവംബർ മാസം 27- ാം തീയതി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് സ്റ്റീൽ ഫാക്ടറി സന്ദർശിക്കുവാനും അവിടത്തെ തൊഴിൽ സാഹചര്യം വിലയിരുത്തുവാനും സമിതി തീരുമാനിച്ചു.

സമിതി വൈകിട്ട് 3.35-ന് യോഗം പിരിഞ്ഞു.

## 2014 നവംബർ 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 2014 നവംബർ 27-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 മണിക്ക് പാലക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസ് സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ശ്രീ. ഷിബു ബേബി ജോണിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസര ത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായി:

ഹാജരായ അംഗങ്ങൾ

1. ശ്രീ. എ. കെ. ബാലൻ, എം.എൽ.എ.
2. ശ്രീ. എം. ചന്ദ്രൻ, എം.എൽ.എ.
3. ശ്രീ. എം. ഹംസ, എം.എൽ.എ.
4. ശ്രീ. എ. കെ. ശശീന്ദ്രൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ശ്രീ. ജി. എൽ. മുരളീധരൻ, ലേബർ കമ്മീഷണർ-ഇൻ-ചാർജ്ജ്.
3. ശ്രീ. കെ. ശശി, ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്.
4. ശ്രീ. മുനീർ, എൻ. ജെ., ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഗ്രേഡ് I.
5. ശ്രീ. റ്റി. ഐ. ശിവൻ, ജൂനിയർ ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, എറണാകുളം.
6. ശ്രീ. സൂരജ് ഉണ്ണിത്താൻ, ആർ., ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്.
7. ശ്രീ. എൻ. സൈനുലാബ്ദീൻ, ജില്ലാ ലേബർ ഓഫീസർ.
8. ശ്രീമതി ഷീല, എം. വി., ജില്ലാ ലേബർ ഓഫീസർ.
9. ശ്രീമതി യമുന, വി. പി., ഡെപ്യൂട്ടി ലേബർ ഓഫീസർ.
10. ശ്രീ. ഇ. വി. നാരായണൻ നമ്പൂതിരി, ഡെപ്യൂട്ടി ലേബർ കമ്മീഷണർ, എറണാകുളം.
11. ശ്രീ. പി. ജെ. ജോയി, റീജ്യണൽ ജോയിന്റ് ലേബർ കമ്മീഷണർ, എറണാകുളം.
12. ശ്രീ. പി. കെ. ദിവാകരൻ, അസിസ്റ്റന്റ് ലേബർ ഓഫീസർ.
13. ശ്രീ. ഹരിദാസൻ, എം. പി., അസിസ്റ്റന്റ് ലേബർ ഓഫീസർ.

14. ശ്രീ. കെ. എം. സുനിൽ, അസിസ്റ്റന്റ് ലേബർ ഓഫീസർ, ആലത്തൂർ.

15. ശ്രീ. പി. എസ്. അനിൽ സാം, അസിസ്റ്റന്റ് ലേബർ ഓഫീസർ.

16. ശ്രീ. ബി. ദേവദാസ്, അസിസ്റ്റന്റ് ലേബർ ഓഫീസർ.

17. ശ്രീ. എം. കെ. ഗിരീഷ്, അസിസ്റ്റന്റ് ലേബർ ഓഫീസർ, കൊഴിഞ്ഞാംപാറ.

18. ശ്രീ. കെ. രാമചന്ദ്രൻ, ജില്ലാ കളക്ടർ, പാലക്കാട്.

പാലക്കാട്ടുള്ള സ്റ്റീൽ ഫാക്ടറികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചകളിൽ പല സ്ഥാപനങ്ങളിലും ഗുരുതരമായ സുരക്ഷാ പാളിച്ചകൾ നടക്കുന്നതോടൊപ്പം സാധാരണ നിയമങ്ങളുടെ ലംഘനവും വ്യാപകമായി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സമിതി പാലക്കാട് സന്ദർശിക്കുന്നതെന്നും, പ്രസ്തുത വിഷയത്തിൽ സമിതിക്ക് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിനു പുറമേ കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കിടയ്ക്കുണ്ടായ അപകടങ്ങളെ സംബന്ധിച്ചും സമിതിയെ ബോദ്ധ്യപ്പെടുത്തണമെന്നും നിർദ്ദേശിച്ചു. സംസ്ഥാനത്തെ തൊഴിലാളികൾക്ക് തൊഴിൽ നിയമങ്ങളെ സംബന്ധിച്ച് ശരിയായ അറിവില്ലെന്നും, സ്റ്റീൽ ഫാക്ടറികളിൽ ജോലികളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് യാതൊരുവിധ പരിരക്ഷയും ലഭിക്കുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറേറ്റിന്റെ പ്രവർത്തനത്തെ സംബന്ധിച്ച വിശദാംശങ്ങൾ സമിതി ആരാഞ്ഞു.

ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് സമിതിക്ക് നൽകിയിട്ടുള്ള റിപ്പോർട്ടിൽ പാലക്കാട് 44 ഫാക്ടറികളും 3500-ഓളം തൊഴിലാളികളും, ഉള്ളതായും ലേബർ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിൽ 35 ഫാക്ടറികളും 5000 തൊഴിലാളികളും ഉള്ളതായും രേഖപ്പെടുത്തിയിരിക്കുന്നതിലെ വൈരുദ്ധ്യം സമിതി ചൂണ്ടിക്കാണിക്കുകയും ആയതിന്മേലുള്ള വിശദീകരണം ബന്ധപ്പെട്ട വകുപ്പിൽ നിന്നും ആവശ്യപ്പെടുകയും ചെയ്തു.

രജിസ്ട്രേഷനുള്ളതും പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങളുടെയും കോൺട്രാക്ട് ലേബർ ആക്റ്റും ഐ.എസ്.എം. ആക്റ്റും അനുസരിച്ചുള്ള തൊഴിലാളികളുടെയും എണ്ണമാണ് കാണിച്ചിരിക്കുന്നതെന്നും എന്നാൽ ചില സ്ഥാപനങ്ങളിൽ മസ്റ്റർ റോളുണ്ടെങ്കിലും തൊഴിലാളികളുടെ എണ്ണം തൊഴിൽ വകുപ്പിൽ ലഭ്യമാക്കിയിട്ടില്ലെന്ന് ജില്ലാ ലേബർ ഓഫീസർ സമിതിയെ ധരിപ്പിച്ചു.

പഞ്ചായത്തിന്റെയോ ലേബർ വകുപ്പിന്റെയോ രജിസ്ട്രേഷനില്ലാത്ത സ്റ്റീൽ ഫാക്ടറികൾ നിലവിലുണ്ടോയെന്ന് സമിതി ആരായുകയും തൊഴിൽ വകുപ്പിൽ നിന്നും ലൈസൻസ് നേടാത്ത പത്ത് ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് ഗുരുതരമായ വിഷയമാണെന്നും സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

ഐ.എസ്.എം. ആക്റ്റ് അനുസരിച്ചും കോൺട്രാക്ട് ലേബർ ആക്റ്റും അനുസരിച്ചാണ് നിലവിൽ ഫാക്ടറികൾക്ക് ലൈസൻസ് നൽകിവരുന്നതെന്നും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഫാക്ടറികൾ സമീപിക്കുമ്പോൾതന്നെ ബന്ധപ്പെട്ട രേഖകളെല്ലാം പരിശോധിച്ചശേഷം, ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലത്തുപോയി പരിശോധിച്ചശേഷമാണ് ലൈസൻസ് നൽകുന്നതെന്നും മൈഗ്രന്റ് വർക്കേഴ്സ് ആക്റ്റ്

പ്രകാരവും കോൺട്രാക്ട് വർക്കേഴ്സ് ആക്റ്റ് പ്രകാരവും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കുകൾ മാത്രമാണ് വകുപ്പിലുള്ളതെന്നും, മസ്റ്റർ റോൾ സംബന്ധിക്കുന്ന വിശദാംശങ്ങൾ രജിസ്ട്രേഷന് ആവശ്യമായി വരുന്നില്ലെന്നും ജില്ലാ ലേബർ ഓഫീസർ സമിതിയെ അറിയിച്ചു.

പാലക്കാട് ജില്ലയിൽ നാൽപ്പത്തിനാല് ഫാക്ടറികളാണ് പ്രവർത്തിച്ചുവരുന്ന തെന്നും, ലൈസൻസിന് അപേക്ഷ സമർപ്പിക്കുമ്പോൾ ഉള്ള വിശദാംശങ്ങൾ പ്രകാരമുള്ള കണക്കാണ് സമിതിയിൽ സമർപ്പിച്ചിട്ടുള്ളതെന്ന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

ലേബർ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള 35 ഫാക്ടറികൾ കഞ്ചിക്കോട് മാത്രമുള്ളവയാണെന്നും, ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റെ റിപ്പോർട്ടിൽ നല്ലേപ്പുള്ളി, അകത്തേത്തറ എന്നിവിടങ്ങളിലെ ഫാക്ടറികൾ ഉൾപ്പെടെയുള്ള കണക്കുകളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും ജില്ലാ ലേബർ ഓഫീസർ വ്യക്തമാക്കി.

പാലക്കാട് ജില്ലയിലെ മുഴുവൻ ഫാക്ടറികളുടെയും കണക്ക് ലഭ്യമാക്കിയാൽ മാത്രമേ വ്യക്തതയുണ്ടാവുകയുള്ളൂവെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ സ്ഥിരം തൊഴിലാളികളെത്ര യുണ്ടെന്നും അതിൽ മലയാളികൾ എത്ര പേരുണ്ടെന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, സൂപ്പർവൈസറി തസ്തികകളിൽ മാത്രമാണ് മലയാളികൾ ഉള്ളതെന്നും, അവരെല്ലാം സ്ഥിരം ജീവനക്കാരാണെന്നും, ഓഫീസ് സ്റ്റാഫ് ഒഴികെയുള്ളവരെല്ലാം അന്യസംസ്ഥാന തൊഴിലാളികളാണെന്നും, അഞ്ചോളം സ്ഥാപനങ്ങളിൽ അന്യ സംസ്ഥാന തൊഴിലാളികളെ സ്ഥിരപ്പെടുത്തിയിട്ടുള്ളതായും മലയാളികളായ കോൺട്രാക്ടർമാരുടെ കീഴിലാണ് അന്യ സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നതെന്നും, നിയമപരമായിട്ടുള്ള ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കുന്നുണ്ടെന്നും ജില്ലാ ലേബർ ഓഫീസർ സമിതിയെ അറിയിച്ചു.

അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ അവർക്ക് ട്രേഡ് യൂണിയനുകൾ ഇല്ലാത്തതിനാൽ അവരെ സംരക്ഷിക്കേണ്ടത് തൊഴിൽ വകുപ്പാണെന്നും കർഷകത്തൊഴിലാളികൾക്ക് ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ കൂലിയാണ് അവർക്ക് ലഭിക്കുന്നതെന്നും ആനുകൂല്യങ്ങളൊന്നും കൃത്യമായി ലഭിക്കുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. തൊഴിലാളികൾക്ക് കൂലി നൽകുന്നതിന്റെ രസീതുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, തൊഴിലാളികൾക്ക് കൂലി നൽകുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ള തായും, ദിവസവേതനക്കാരായ തൊഴിലാളികൾക്ക് ആഴ്ചയിലൊരിക്കലും മാസത്തിലൊരി ക്കലുമായാണ് കൂലി നൽകിവരുന്നതെന്നും, വേതനം കൈപ്പറ്റുന്നവർ അക്വിറ്റൻസ് രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതുണ്ടെന്നും ജില്ലാ ലേബർ ഓഫീസർ സമിതിയെ അറിയിച്ചു.

ഫാക്ടറികളിൽ കൃത്യമായി ആകെ എത്ര തൊഴിലാളികൾ ഉണ്ട്, അതിൽ എത്രപേർ സ്ഥിരം തൊഴിലാളികളാണ്, സ്ഥിരം തൊഴിലാളികൾക്ക് ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ, അന്യസംസ്ഥാന തൊഴിലാളികൾ എത്ര പേരുണ്ട്, അവർക്ക് എത്ര രൂപ കൂലി നൽകുന്നു, അന്യസംസ്ഥാന തൊഴിലാളികളുടെ

ജോലി സംബന്ധമായ സാഹചര്യങ്ങളും നിബന്ധനകളും എന്തൊക്കെ? ജോലി സമയം എത്ര? മസ്റ്റർ റോളിൽ എത്ര തൊഴിലാളികളുടെ പേരുണ്ട്, തൊഴിലാളികൾക്കുള്ള സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാം, നിയമലംഘനങ്ങൾ നടക്കുന്നത് ഏതൊക്കെ ഫാക്ടറികളിലാണ്, എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു. പ്രസ്തുത വിവരങ്ങൾ ഇപ്പോൾ നൽകാനാകില്ലെന്നും കഴിഞ്ഞ രണ്ടുവർഷം പരിശോധന നടത്തിയ ഫയലുകൾ ഉണ്ടെന്നും അതിൽ എത്ര ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്നും എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ടെന്നും കൂടാതെ മസ്റ്റർ റോളും ചേർത്തിട്ടുണ്ടെന്നും ജില്ലാ ലേബർ ഓഫീസർ മറുപടി നൽകി.

വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നാവശ്യപ്പെടുന്ന വിശദാംശങ്ങൾ ഒന്നുംതന്നെ സമിതിക്ക് ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളൊന്നും വകുപ്പ് കാണുന്നില്ലെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒരു ചോദ്യാവലി തയ്യാറാക്കി എല്ലാ ഫാക്ടറികളിലും പരിശോധന നടത്തണമെന്നും, ഫാക്ടറികൾ യാതൊരു മുന്നറിയിപ്പും കൂടാതെ സന്ദർശിച്ചശേഷം താരതമ്യപഠനം നടത്തണമെന്നും, ആയതിന്റെ വിശദാംശങ്ങൾ സമിതിയിൽ ലഭ്യമാക്കണമെന്നും, പ്രസ്തുത വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ സമിതി ഒരു തവണകൂടി പാലക്കാട് സ്റ്റീൽ ഫാക്ടറികൾ സന്ദർശിക്കുന്നതാണെന്നും അറിയിച്ചു.

ഫാക്ടറികളിൽ പരിശോധന നടത്തുന്നതിന് മാത്രമായി ഒരു സംഘത്തെ നിയമിക്കണമെന്നും, എല്ലാ ഫാക്ടറികളെയും സംബന്ധിച്ച് സമിതി നിർദ്ദേശിച്ചതനുസരിച്ചുള്ള വിശദാംശങ്ങൾ പത്ത് ദിവസത്തിനകം സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും, തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിയുടെ ഓഫീസിൽ എത്തിക്കണമെന്ന് നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്ന് ജില്ലാ ലേബർ ഓഫീസർ സമിതിയെ അറിയിച്ചു.

പാലക്കാട് സ്റ്റീൽ ഫാക്ടറികളിൽ നടന്ന അപകടങ്ങളിൽ രണ്ട് പേർ മരിക്കുകയും ആറ് പേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ ബന്ധപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോയെന്ന് സമിതിയുടെ ചോദ്യത്തിന് അപകടത്തിൽ പരിക്ക് പറ്റിയവർക്ക് വർക്ക്മെൻസ് കോംപൻസേഷൻ ആക്റ്റനുസരിച്ചുള്ള നഷ്ടപരിഹാരം നൽകിയിട്ടുള്ളതായും കൂടാതെ ആറ് പേരെ ശിക്ഷിക്കുകയും ചെയ്തിട്ടുള്ളതായും എന്നാൽ എത്ര രൂപ നഷ്ടപരിഹാരം ലഭിച്ചു എന്നറിയില്ലെന്നും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

സമിതിയുടെ സന്ദർശന വിവരം അറിഞ്ഞിട്ടുപോലും വ്യക്തമായ മറുപടി തരാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് കഴിയാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ഫാക്ടറികളെ സംരക്ഷിക്കുന്ന തരത്തിലുള്ള റിപ്പോർട്ടാണ് സമിതിക്ക്

ലഭ്യമാക്കിയിരിക്കുന്നതെന്നും, അപകടത്തിൽ മരിച്ചവരെയും പരിക്കുപറ്റിയവരെയും എങ്ങനെയാണ് മാനേജ്മെന്റ് സഹായിച്ചതെന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞിട്ടില്ലെന്നും അഭിപ്രായപ്പെട്ടു.

തുടർന്ന് കഞ്ചിക്കോട്ടുള്ള പാരഗൺ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സന്ദർശിക്കുവാൻ സമിതി തീരുമാനിക്കുകയും സമിതി പ്രസ്തുത സ്ഥാപനത്തിലേക്ക് യാത്ര തിരിക്കുകയും ചെയ്തു.

നൂറ്റിയിരുപത്തിയേഴ് തൊഴിലാളികൾ ജോലി ചെയ്യുന്ന പ്രസ്തുത ഫാക്ടറിയിലെ തൊഴിലാളികൾക്ക് എല്ലാവിധ ആനുകൂല്യങ്ങളും നൽകുന്നുണ്ടെന്നും, താമസ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളുണ്ടെന്നും രണ്ട് മണിക്കൂർ ഇടവിട്ട് നാല് മണിക്കൂർ മാത്രമാണ് ജോലി സമയമെന്നും, ഒമ്പതിനായിരം രൂപ മുതൽ മുപ്പത്തി അയ്യായിരം രൂപവരെ ശമ്പളം നൽകിവരുന്നുണ്ടെന്നും, എല്ലാവിധ സുരക്ഷാ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ടെന്നും കമ്പനിയുടെ മാനേജ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു.

എന്നാൽ പ്രസ്തുത ഫാക്ടറിയുടെ ഫർണസ് ഏരിയയിൽ, 1500 ഡിഗ്രി സെൽഷ്യസ് ചൂടിൽ, മാസ്ക്, ഷൂസ്, ഹെൽമറ്റ്, ചൂട് അടിക്കാതിരിക്കുന്നതിനുള്ള ഏപ്രൺ, കൈയുറ എന്നിവ ധരിക്കാതെ ബാരിക്കേട് ഇല്ലാത്ത ഫർണസിനടുത്തുനിന്ന് പണിയെടുക്കുന്ന തൊഴിലാളികളെ സമിതിക്ക് നേരിൽ കാണാൻ കഴിഞ്ഞു.

തൊഴിലാളികൾക്ക് ഏഴായിരം രൂപയാണ് ശമ്പളമായി ലഭിക്കുന്നതെന്നും, അതികഠിനമായ ചൂടിൽ പത്തു മണിക്കൂർ വിശ്രമമില്ലാത്ത ജോലി ചെയ്യേണ്ടി വരുന്നതായും, അര മണിക്കൂർ മാത്രമാണ് വിശ്രമസമയമെന്നും, ഇൻസെന്റീവ്, അധികസമയവേതനം എന്നിവ ലഭിക്കുന്നില്ലെന്നും, ഫാക്ടറികൾക്കുള്ളിലെ ഷെഡ്ഡിലാണ് താമസിക്കുന്നതെന്നും സമിതി മുമ്പാകെ തൊഴിലാളികൾ വ്യക്തമാക്കി.

മനുഷ്യാവകാശ ധ്വംസനവും, നിയമങ്ങളുടെ നഗ്നമായ ലംഘനവുമാണ് ഫാക്ടറികളിൽ നടന്നുവരുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു. സമിതി മുമ്പാകെ തെറ്റായ വിവരം നൽകിയതിലൂടെ ഫാക്ടറി മാനേജ്മെന്റ് സമിതിയെ അവഹേളിക്കുകയും സമിതിയുടെ പ്രിവിലേജിന്റെ ലംഘനവുമാണ് നടത്തിയിരിക്കുന്നതെന്നും അദ്ധ്യക്ഷൻ അഭിപ്രായപ്പെട്ടു.

ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പാലക്കാടുള്ള സ്റ്റീൽ ഫാക്ടറികൾ സന്ദർശിച്ച് എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ടെന്നും, അതിൽ എത്ര സ്ഥിരം തൊഴിലാളികളും കോൺട്രാക്ട് തൊഴിലാളികളും ഉണ്ടെന്നുമുള്ള കൃത്യമായ കണക്ക് പത്ത് ദിവസത്തിനകം ലഭ്യമാക്കണമെന്നുമുള്ള നിർദ്ദേശം സമിതി നൽകി. തൊഴിലാളികൾ സുരക്ഷാ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് കർശനമായ നിർദ്ദേശം നൽകണമെന്നും, പ്രത്യേക സ്ക്വാഡിന്റെ ദിനംപ്രതിയുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഭാ സമ്മേളനത്തിന് ശേഷം സമിതി ഒരു തവണകൂടി പാലക്കാട് സന്ദർശിക്കുന്നതിനും യോഗം ചേരുന്നതിനും തീരുമാനിക്കുകയും ചെയ്തു.

സമിതി ഉച്ചയ്ക്കുശേഷം 12.50-ന് യോഗം പിരിഞ്ഞു.

## 2014 ഡിസംബർ 10-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 2014 ഡിസംബർ 10-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിനുശേഷം രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 'ഡി' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിയുമായ ശ്രീ. ഷിബു ബേബി ജോണിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. പി. കെ. ഗുരുദാസൻ, എം.എൽ.എ.
2. ശ്രീ. എം. ഹംസ, എം.എൽ.എ.
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
4. ശ്രീ. എ. കെ. ശശീന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി വി. ആർ. രജനി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
2. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി കെ. എ. ശ്രീലത, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
5. ഡോ. ജി. എൽ. മുരളീധരൻ, ലേബർ കമ്മീഷണർ-ഇൻ-ചാർജ്ജ്
6. ശ്രീ. എ. അലക്സാണ്ടർ, അഡീഷണൽ ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്

സമിതി 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

*Clause 5*

1. In clause (a) of sub-section (1) of section 29 of the principal Act proposed to be amended by clause 5(1) (i) (b), for the words "one hundred rupees" the words "two hundred and fifty rupees" shall be substituted.

2. In clause (b) of sub-section (1) of section 29 of the principal Act proposed to be amended by clause 5(1) (ii), for the words "one hundred rupees" the words "two hundred and fifty rupees " shall be substituted.

2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ ശ്രീ. പി. കെ. ഗുരുദാസൻ, ശ്രീ. എം. ഹംസ, ശ്രീ. എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതി ഉച്ചയ്ക്കുശേഷം 12.30-ന് യോഗം പിരിഞ്ഞു.

## 2015 ഫെബ്രുവരി 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 2015 ഫെബ്രുവരി 11-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 'എ' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദ്ദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോണും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായി:

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. എ. കെ. ബാലൻ, എം.എൽ.എ.
2. ശ്രീ. എം. ചന്ദ്രൻ, എം.എൽ.എ.
3. ശ്രീ. എം. ഹംസ, എം.എൽ.എ.
4. ശ്രീ. പി. എ. മാധവൻ, എം.എൽ.എ.
5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
6. ശ്രീ. എ. കെ. ശശീന്ദ്രൻ, എം.എൽ.എ.
7. ശ്രീ. കെ. ശിവദാസൻ നായർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി വി. ആർ. രജനി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, ഊർജ്ജ വകുപ്പ്.
3. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. റി. ആർ. ബാലകൃഷ്ണൻ, ലേബർ കമ്മീഷണർ.
5. ശ്രീ. ജെ. ബാബുരാജ്, ഡയറക്ടർ, കെ.എസ്.ഇ.ബി. ലിമിറ്റഡ്.
6. ശ്രീ. വേണുഗോപാൽ, എസ്, ഡയറക്ടർ (ഫിനാൻസ്, കെ.എസ്.ഇ.ബി. ലിമിറ്റഡ്)
7. ശ്രീമതി കെ. എ. ശ്രീലത, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
8. ശ്രീ. എം. ഉണ്ണികൃഷ്ണൻ, ജനറൽ മാനേജർ, അനെർട്ട്.
9. ശ്രീ. ഗോപാൽ, റി. എസ്., അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

പ്രസ്തുത യോഗത്തിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ജീവനക്കാരുടെ പെൻഷനും ഗ്രാറ്റുവിറ്റിയും ചട്ടങ്ങൾ പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 432/2014, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ജീവനക്കാരുടെ പൊതു പ്രൊവിഡന്റ് ഫണ്ട് ചട്ടങ്ങൾ പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 433/2014, സമിതിയുടെ 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലും, ചട്ടം 239(3) പ്രകാരമുള്ള സംക്ഷേപത്തിലെ ശിപാർശയിന്മേലും സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും, കാര്യപരിപാടിയിലെ സെറ്റ് 3-ൽ ഉൾക്കൊള്ളിച്ചിരുന്ന കരട് റിപ്പോർട്ടുകൾ, സംക്ഷേപം എന്നിവ സമിതിയുടെ അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവയ്ക്കുകയും ചെയ്തു.

I. <u>ചട്ടങ്ങളുടെ പരിഗണന</u>

1. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ജീവനക്കാരുടെ പെൻഷനും ഗ്രാറ്റുവിറ്റിയും ചട്ടങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള 21-7-2014-ലെ എസ്.ആർ.ഒ. നമ്പർ 432/2014 സമിതി സാധൂകരിച്ചു.
(ഫയൽ നമ്പർ 6096/സബ്. സി. സി1/14/നി.സെ.)

2. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ജീവനക്കാരുടെ പൊതു പ്രൊവിഡന്റ് ഫണ്ട് ചട്ടങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള 21-7-2014-ലെ എസ്.ആർ.ഒ. നമ്പർ 433/2014 സമിതി സാധൂകരിച്ചു.
(ഫയൽ നമ്പർ 6258/സബ്. സി. സി1/14/നി.സെ.)

II. <u>സമിതിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്</u>

1. 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 13-ലെ ശിപാർശയിൽ ആവശ്യപ്പെട്ട അധിക തുക അനുവദിക്കണമെന്ന് തുടർന്നും ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു
(ഫയൽ നമ്പർ 2849/സബ്. സി. സി1/13/നി.സെ.)

2. 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 4, 48, 31, 76, 78, 29, 32 എന്നിവയിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിക്കുകയും, ഖണ്ഡിക 34, 77, 80-87 എന്നീ ഖണ്ഡികകളിൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിക്കണമെന്ന് വീണ്ടും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും, ഖണ്ഡിക 42-ൽ ശിപാർശ ചെയ്തിരുന്ന പ്രകാരമുള്ള അധിക തുക ഉടൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുവാൻ തീരുമാനിക്കുകയും ചെയ്തു.

ഖണ്ഡിക 60-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവെ 2014-15 സാമ്പത്തിക വർഷത്തെ ബജറ്റിൽ ശരണ്യ സ്വയം തൊഴിൽ പദ്ധതിക്കായി 2230-02-101-91 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 14 കോടി രൂപയിൽ 7 കോടി രൂപ അനുവദിച്ച് നൽകിയിട്ടുള്ളതായും, ബാക്കി നിൽക്കുന്ന 7 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള വിവരം ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിക്കുകയും പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ചെയ്തു.

3. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(3) പ്രകാരമുള്ള സംക്ഷേപത്തിൽ ഖണ്ഡിക 4-ലെ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കണമെന്നും ആയതിനാവശ്യമായ തുക അനുവദിച്ച് കിട്ടാനുള്ള നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നുമുള്ള ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ഊർജ്ജ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ലോക ബാങ്ക് ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പദ്ധതിക്കായി പണം നൽകിയിട്ടുണ്ടോ എന്നും, പദ്ധതിയുടെ ആകെ തുക എത്രയാണെന്നും, എത്ര വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കണമെന്നും സമിതി ആരാഞ്ഞു.

പ്രസ്തുത പദ്ധതിക്കായി 153 കോടി രൂപയാണ് വൈദ്യുതി ബോർഡിന് നാളിതുവരെ ലഭിച്ചിട്ടുള്ളതെന്നും, പദ്ധതി 2018-നുള്ളിൽ പൂർത്തിയാക്കേണ്ടതുണ്ടെന്നും, ഇറിഗേഷൻ വകുപ്പാണ് ഇതിന്റെ നോഡൽ ഏജൻസിയെന്നും, 37 ഡാമുകളുടെ കാര്യത്തിൽ ഊർജ്ജ വകുപ്പിനാണ് ചുമതലയെന്നും, ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ഡാമുകളുടെ നടത്തിപ്പുചുമതല പ്രസ്തുത വകുപ്പിനാണെന്നും ഊർജ്ജ വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

ലോകബാങ്കിന്റെ സഹായത്തോടെ അഞ്ചുവർഷം കൊണ്ട് പൂർത്തിയാക്കേണ്ട പദ്ധതിയാണിതെന്നും, ഇന്ത്യയിലെ സംസ്ഥാനങ്ങളിലെ ഡാമുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രസ്തുത പദ്ധതി പ്രകാരം, ഒരു ഡാമിൽ എത്ര വെള്ളം സൂക്ഷിക്കുവാൻ കഴിയുമെന്ന ഹൈഡ്രോളജി പഠനമാണ് ആദ്യം നടത്തുന്നതെന്നും, ഇപ്രകാരം 37 ഡാമുകളിലെ പഠനം പൂർത്തിയായിട്ടുള്ളതായും, വിശദമായ പഠനമായതിനാൽ കൂടുതൽ സമയം എടുക്കുമെന്നും, ഡാമുകളുടെ ഹൈഡ്രോളജി പഠനം പൂർത്തിയായശേഷം ഏത് തരത്തിലുള്ള ഇടപെടൽ വേണമെന്നത് സംബന്ധിച്ച പാക്കേജ് തയ്യാറാക്കുന്നതായും തുടർന്ന് പ്രസ്തുത പാക്കേജിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള മാതൃകയ്ക്ക് ലോകബാങ്കിന്റെയും സെൻട്രൽ വാട്ടർ കമ്മീഷന്റെയും അംഗീകാരം ലഭിച്ചശേഷം അതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടിയിലേക്ക് പോകുന്നതാണെന്നും ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു

ഹൈഡ്രോളജി പഠനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് ഡാമുകൾക്ക് ബലക്ഷയം ഇല്ലെന്ന് കണ്ടെത്തിയതായും, ബാക്കിയുള്ള ഡാമുകളിൽ ചെറിയ രീതിയിൽ ബലപ്പെടുത്തലിനുള്ള ജോലികൾ നടത്തേണ്ടതുണ്ടെന്നും, പഠനത്തിന്റെ

അടിസ്ഥാനത്തിൽ ഡാം സേഫ്റ്റി റിവ്യൂ പാനൽ പ്രസ്തുത ഡാമുകൾ പരിശോധിച്ച് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ധാരണയായിട്ടുള്ളതായും, 23 ഡാമുകളുടെ രൂപരേഖ സമർപ്പിച്ചു കഴിഞ്ഞതായും, 13 എണ്ണത്തിന് സെൻട്രൽ വാട്ടർ കമ്മീഷൻ അംഗീകാരം നൽകിയതായും, ബാക്കിയുള്ളവ മാർച്ച് 15 നകം പൂർത്തിയാക്കുമെന്നും മൂന്ന് പദ്ധതികൾ ടെണ്ടർ ചെയ്തതായും, മൂന്ന് മാസത്തിലൊരിക്കൽ അവലോകനം നടത്താറുണ്ടെന്നും ആശാസ്യമായ പുരോഗതി കൈവരിച്ചിട്ടുള്ളതായും ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

III. <u>സമിതിയുടെ പരിഗണനയ്ക്കുള്ള കരട് റിപ്പോർട്ടുകൾ, സംക്ഷേപം</u>

സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള കരട് റിപ്പോർട്ടുകൾ, സംക്ഷേപം എന്നിവ അടുത്ത യോഗത്തിൽ പരിഗണിക്കുവാൻ തീരുമാനിക്കുകയും, 2013 ഒക്ടോബർ മാസത്തെ അഖിലേന്ത്യാ പഠന പരിപാടിയെ സംബന്ധിക്കുന്ന റിപ്പോർട്ടിലെ നിഗമനങ്ങളിൽ ഭേദഗതി വരുത്തി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

പാലക്കാട് കഞ്ചിക്കോട് പ്രദേശത്തെ സ്റ്റീൽ ഫാക്ടറികളിലെ തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അവഗണിക്കുന്നത് സംബന്ധിച്ച് സമിതി മുമ്പാകെ സമർപ്പിച്ച നിവേദനം സമിതി പരിഗണിക്കുകയും, സമിതിയുടെ അടുത്ത യോഗത്തിൽ ആയതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

സമിതി വൈകുന്നേരം 5.05-ന് യോഗം പിരിഞ്ഞു.